
# അൽഹഖ്

ഇഹ്സാൻ 1392 | റജബ് – ശഅ്ബാൻ 1434 | ഇടവം – മിഥുനം 1188

VOL :21
ISSUE: 06

ALHAQ
JUNE 2013

ലോസ് ഏഞ്ചലസ് ടൈംസ്
പ്രതിനിധിയുടെ പ്രത്യേക അഭിമുഖം

അഞ്ചു തരം പരീക്ഷണങ്ങൾ

നിരസിക്കാൻ
സാധിക്കാത്ത ശിപാർശ

ആരാണ് ശ്രേഷ്ഠൻ

വാർദ്ധക്യത്തെ
മനോഹരമാക്കുക

അഹ്മദിയ്യ ഖലീഫക്ക്
യു.കെ പാർലമെന്റ് ഹൗസിൽ
ഉജ്ജ്വല സ്വീകരണം

## വർത്തമാന കാല സമസ്യകൾക്ക് പരിഹാര നിർദ്ദേശവുമായി
## അമീറുൽ മുഅ്മിനീൻ അമേരിക്കയിൽ


- അഹ്മദീ മുസ്ലിംകൾ സമാധാനകാംക്ഷികളായ പൗരന്മാരാണ്
- ഞങ്ങൾ നിയമം പാലിക്കുന്നവരും പറയുന്നത് ചെയ്യുന്നവരുമാണ്
- അറബ് ഭരണകൂടങ്ങളെ പിന്തുണച്ച പാശ്ചാത്യശക്തികൾ തന്നെയാണ് രാജ്യദ്രോഹത്തിനും കൂട്ടുനിന്നത്
- ശരിയായ വിധത്തിലുള്ള ജനാധിപത്യ സംവിധാനമുണ്ടാക്കാനാണ് ശ്രമിക്കേണ്ടത്
- അമേരിക്കയിലെ ഇന്നുള്ളവർ അല്ലെങ്കിൽ അടുത്ത തലമുറ അഹ്മദിയ്യത്ത് സ്വീകരിക്കുക തന്നെ ചെയ്യും
- ഞങ്ങൾ അനതി വിദൂര ഭാവിയിൽ ലോകത്തിന്റെ മുഴുവൻ ഹൃദയത്തേയും ജയിച്ചടക്കുന്നതാണ്
- വിവിധ പത്രമാധ്യമങ്ങളിൽ ഹുസൂർ തിരുമനസ്സിന്റെ വിശദമായ ഇന്റർവ്യൂ
- കനഡയിൽ വിവിധ നഗര സഭകളുടെ ആഭിമുഖ്യത്തിൽ അഹ്മദിയ്യാ ദിനാചരണം



## ചരിത്രം

ഇഷ്

# ക്യാപ്റ്റൻ ഡഗ്ലസ് മസ്ജിദ് ഫദ്‌ലിൽ



Montagu William Douglas

**1936 ൽ ഹദ്റത് മൗലാനാ ശേർ അലി സാഹിബ് (റ) വിശുദ്ധ ഖുർആൻ വിവർത്തനവുമായി ബന്ധപ്പെട്ട് ലണ്ടനിൽ താമസിക്കുകയായിരുന്നു.**
**അദ്ദേഹത്തെ കാണാൻ ക്യാപ്റ്റൻ കേണൽ മാന്റിഗോ വില്യം ഡഗ്ലസ് മസ്ജിദ് ഫദ്‌ലിൽ എത്തി.**

ഹദ്റത്ത് മസീഹ് മൗഊദ് (അ) നെതിരിൽ ശത്രുക്കൾ കൊടുത്തിരുന്ന വധോദ്യമ കേസിൽ ക്യാപ്റ്റൻ ഡഗ്ലസ് വിധി പറയുമ്പോൾ ഹദ്റത് മൗലാനാ ശേർ അലി സാഹിബ് (റ) ഉം കോടതിയിൽ ഉണ്ടായിരുന്നു.



Captain Douglas



Inaugural of Fazl Mosque



Pontius Pilate



Sher Ali Sahib

ഈ സന്ദർഭത്തിൽ ഇന്റർവ്യൂവിനെത്തിയ ഡയ്‌ലി സ്കെച്ച് (ലണ്ടൻ) പത്രത്തിന്റെ പ്രതിനിധിയോട് ക്യാപ്റ്റൻ ഡഗ്ലസ് പറഞ്ഞു, ഇവർ എന്നെ പിലാത്തോസ് എന്നാണ് വിളിക്കുന്നത്. അടുത്ത ദിവസത്തെ പത്രത്തിന്റെ തൽക്കെട്ട് " **ദെ കാൾ ഹിം ജസ്റ്റ് പിലാറ്റ്** " എന്നായിരുന്നു.

**ക്യാപ്റ്റൻ ഡഗ്ലസ് 1939 ജൂലൈ 30 ന് മസ്ജിദ് ഫദ്‌ലിൽ തബ്‌ലീഗ് ദിനയോഗത്തിൽ പങ്കെടുക്കാനും എത്തിയിരുന്നു.**







INTERVIEW

# ലോസ് ഏഞ്ചലസ് ടൈംസ് പ്രതിനിധിയുടെ പ്രത്യേക അഭിമുഖം

**വെസ്റ്റ് കോസ്റ്റിലെ ഏറ്റവും പ്രചാരമുള്ള പത്രമായ ലോസ് ഏഞ്ചലസ് ടൈംസിന്റെ പ്രതിനിധി കരോൾ ജെ വില്ല്യംസ് ഹുസൂറുമായി നടത്തിയ പ്രത്യേക അഭിമുഖം**



**പ്രതിനിധി :** ഇസ്‌ലാമിന്റെ സമാധാന സന്ദേശം എങ്ങിനെയാണ് പ്രചരിപ്പിക്കാൻ കഴിയുക; പ്രത്യേകിച്ചും ചില മുസ്‌ലിംകളുടെ ഭീകര വിധ്വംസക പ്രവർത്തനങ്ങൾ കാരണം ഇസ്‌ലാം വളരെ മോശമായി ചിത്രീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ. ഈ മോശമായ ധാരണ എങ്ങിനെ മാറ്റിയെടുക്കാൻ കഴിയും?

**ഹുസൂർ :** യഥാർഥ ഇസ്‌ലാം സമാധാനത്തിന്റെ സന്ദേശമാണ് നൽകുന്നത്. ഇസ്‌ലാം എന്ന പദത്തിന്റെ അർഥം തന്നെ സമാധാനം ശാന്തി എന്നൊക്കെയാണ്. ഞങ്ങളുടെ വിശ്വാസപ്രകാരം തിരുനബി (സ) യുടെ പ്രവചനമനുസരിച്ച് ആഗതരാവുന്ന വാഗ്ദത്ത മഹ്ദീ മസീഹ് മുസ്‌ലിംകൾക്ക് മാത്രമല്ല ലോകത്തിനു മുഴുവനും ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപനങ്ങളുടെ വെള്ളി വെളിച്ചം നൽകുന്നതാണ്. സമാധാനത്തിലും രഞ്ജിപ്പിലും അധിഷ്ഠിതമായ ഇസ്‌ലാമിന്റെ സന്ദേശത്തെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുന്നതാണ്. അങ്ങിനെ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി മഹ്ദീ മസീഹായി ആഗതരാവുകയും പ്രവചനങ്ങളിൽ പറഞ്ഞതു പോലെ തന്നെ ഇസ്‌ലാമിന്റെ സത്യസന്ധവും സുന്ദരവുമായ അദ്ധ്യാപനങ്ങൾ എല്ലാ മതക്കാർക്കും എത്തിക്കുകയുമുണ്ടായി.

ഇസ്‌ലാം ആരംഭ ദശയിൽ യുദ്ധങ്ങൾ ചെയ്തിട്ടില്ലേ എന്ന് ചോദിച്ചേക്കാം. എന്നാൽ ഒരു കാര്യം ഓർക്കണം, മുസ്‌ലിംകളല്ല യുദ്ധത്തിന് ആരംഭം കുറിച്ചത്. മുസ്‌ലിംകൾ അക്രമിക്കപ്പെട്ടപ്പോൾ പ്രതിരോധ യുദ്ധം ചെയ്യാൻ നിർബന്ധിതരാവുകയാണുണ്ടായത്. ആ യുദ്ധങ്ങളിൽ മറുപടി കൊടുക്കാൻ മുസ്‌ലിംകൾ ആയുധമെടുക്കാൻ നിർബന്ധിക്കപ്പെടുകയായിരുന്നു.

എന്നാൽ ഇപ്പോൾ അത്തരത്തിലുള്ള ഒരു മതയുദ്ധവും മുസ്‌ലിംകൾക്കെതിരിൽ ഇല്ല. ഇന്ന് ഏതെങ്കിലും വിഭാഗമോ കൂട്ടരോ മതത്തിന്റെ പേരിൽ യുദ്ധം ചെയ്യാൻ പഠിപ്പിക്കുന്നുവെങ്കിൽ ഞങ്ങളുടെ വീക്ഷണത്തിൽ അത് തെറ്റാണ്. ഞങ്ങൾ വിശ്വസിക്കുന്നത് മുസ്‌ലിംകൾക്ക് ഇക്കാലഘട്ടത്തിൽ മതയുദ്ധം ചെയ്യേണ്ട ആവശ്യം ഇല്ലെന്നാണ്. മറിച്ച് ഇസ്‌ലാമിന്റെ സമാധാനത്തിലധിഷ്ഠിതമായ സന്ദേശമാണ് ലോകത്തിനു മുന്നിൽ സമർപ്പിക്കേണ്ടത്. ഞങ്ങൾ ഓരോ സ്ഥലത്തും സന്ദർഭത്തിലും ഈ സമാധാന സന്ദേശമാണ് സമർപ്പിക്കുന്നത്. തിരുനബി(സ) ഉം ആദ്യകാല മുസ്‌ലിംകളും ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപനങ്ങളിൽ ചരിച്ചിരുന്നവരും ഈ പാഠങ്ങൾ തന്നെയാണ് നൽകിയത്.

ഇസ്‌ലാമിന്റെ ശത്രുക്കളും ഇസ് ലാമിന്റെ യഥാർഥ പാഠങ്ങളനുസരിച്ച് പ്രവർത്തിക്കാത്ത മുസ്‌ലിംകളുമാണ് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കിയത്. ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുന്ന ചിന്താഗതികൾ ഈ മുസ്‌ലിംകൾ കാരണമാണ് പരന്നത്. അവർ ഞങ്ങളുമായി ഐക്യപ്പെടുന്നവരേയല്ല. കാരണം അവർ യഥാർഥ ഇസ്‌ലാമിക അദ്ധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരല്ല.

കഴിഞ്ഞ വർഷം ഞങ്ങൾ **മുസ്‌ലിംസ് ഫോർ ലൈഫ്** എന്ന പേരിൽ ക്യാംപൈൻ നടത്തിയിരുന്നു. അതിൽ 10000 യൂണിറ്റ് രക്തം ഞങ്ങൾ ദാനം ചെയ്യുകയുണ്ടായി. തെറ്റിദ്ധാരണകൾ അകറ്റാനും, സമാധാനവും മനുഷ്യകുലത്തോടുള്ള സ്നേഹവും മുൻനിർത്തിയും മാത്രമാണ് ഞങ്ങൾ ഈ ക്യാംപൈൻ സംഘടിപ്പിച്ചത്. അഹ്മദീ മുസ്‌ലിംകൾ സമാധാന കാംക്ഷികളായ പൗരന്മാരാണെന്നും നിയമം പാലിക്കുന്നവരാണെന്നും പറയുന്നത് മാത്രം ചെയ്യുന്നവരാണെന്നും നിങ്ങൾക്ക് അറിയാവുന്നതാണല്ലോ.

**പ്രതിനിധി :** മതവും രാഷ്ട്രീയവും വെവ്വേറെയാണെന്ന് പറയുന്നവരാണ് നിങ്ങൾ. അറേബ്യൻ രാഷ്ട്രങ്ങളിലെ പ്രക്ഷോഭങ്ങൾ ഇസ്‌ലാമികഭരണകൂടം സ്ഥാപിക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ ഇസ്‌ലാമിന്റെ പ്രഭാവം നല്ലതായിരിക്കുമോ?

**ഹുസൂർ :** ഖേദകരമെന്ന് പറയട്ടെ, ഇപ്പോൾ ഭ്രഷ്ടരാക്കപ്പെട്ട അറബ് ഭരണകൂടങ്ങളെ നേരത്തെ പാശ്ചാത്യ ശക്തികൾ തന്നെയാണ് പിന്തുണച്ചിരുന്നത്. ഇപ്പോൾ അറബ് രാഷ്ട്രങ്ങളിലെ ഇത്തരം ആഹ്വാനങ്ങളിൽ പാശ്ചാത്യശക്തികൾ കലാപകാരികളെ സഹായിക്കുകയാണ്. ഇതിന്റെ പിന്നിലുള്ള കാഴ്ചപ്പാടിനെയും ചിന്തയെയും കുറിച്ച് എനിക്കറിയില്ല. എന്നാൽ ഞാൻ നേരത്തെയും പല പ്രാവശ്യം വ്യക്തമാക്കിയത് ഈ ആഹ്വാനങ്ങൾ മുഖേന പാശ്ചാത്യശക്തികൾ ഇസ്‌ലാമിനേയും അറബികളേയും നിയന്ത്രിക്കാൻ ആഗ്രഹിക്കുകയാണ്.

നിങ്ങൾ ഈജിപ്തിൽ എന്താണ് കണ്ടത്.പ്രക്ഷോഭത്തിന് വല്ല ഫലവും ഉണ്ടായോ? ജനങ്ങൾ പ്രസിഡണ്ട് ഹുസ്നി മുബാറക്കിന് എതിരാണെന്നാണ് കരുതിയിരുന്നത്. കാരണം അദ്ദേഹം പൊതുജനങ്ങൾക്ക് അവരുടെ അവകാശങ്ങൾ നൽകുന്നില്ലായിരുന്നു. പക്ഷേ പ്രക്ഷോഭത്തിന് എന്ത് ഫലമാണ് ഉണ്ടായത്. ഇപ്പോൾ അവകാശങ്ങളെല്ലാം കിട്ടിത്തുടങ്ങിയോ?

അതുപോലെ തന്നെ ലിബിയയിൽ നോക്കൂ, ഒരു ഭരണവും ഇല്ലാതായി. ഓരോ ഗോത്രത്തിനും സ്വന്തം ഭരണകൂടമാണ്. രാജ്യത്തിന്റെ സമാധാനവും സ്വൈരവും നശിപ്പിക്കപ്പെട്ടിരിക്കുന്നു. പ്രതിരോധമന്ത്രി പ്രധാനമന്ത്രിക്ക് മുന്നറിയിപ്പ് കൊടുത്തത് ഒന്നും ചെയ്യുന്നില്ലെങ്കിൽ പരിണിതി ഭയാനകമായിരിക്കും എന്നാണ്.

പാക്കിസ്താനി മുല്ലാക്കളുടെ ഭയം, അഹ്മദികൾക്ക് പ്രചാരണത്തിനും ഇസ്ലാം അനുസരിച്ച് പ്രവർത്തിക്കാനും അനുമതി കൊടുത്താൽ അഹ്മദികൾ മറ്റു മുസ്ലിംകളെ തങ്ങളുടെ തബ്ലീഗും പ്രവർത്തനങ്ങളും മുഖേന സ്വാധീനിച്ച് മുസ്ലിംകളാക്കുമെന്നാണ്.

എതിർപ്പിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഇന്ത്യയിൽ മുസ്ലിംകളുടെ ഭാഗത്ത് നിന്ന് എതിർപ്പ് ഉണ്ട്. സൗദി അറേബ്യ, ലിബിയ, ഈജിപ്റ്റ്, ഇന്തോനേഷ്യ തുടങ്ങി മറ്റു മുസ്ലിം രാഷ്ട്രങ്ങളിലും എതിർപ്പുണ്ട്. ഞങ്ങൾ ഇത്ര മാത്രമേ പറയുന്നുള്ളൂ, തിരുനബി (സ) നു ശേഷം ശരീഅത്തില്ലാത്ത നബിക്ക് വരാവുന്ന താണ്. എന്നാൽ അനഹ്മദി മുസ്ലിംകൾ പറയുന്നത് ഒരു നബിയും വരാൻ പാടില്ലെന്നാണ്. ഈ കാര്യം അവർ ഒരു വലിയ വിഷയമായെടുത്ത് മുസ്ലിംകളുടെ വികാരത്തെ കൊണ്ട് കളിക്കുകയാണ്. അവരെ അഹ്മദികൾക്കെതിരിൽ ഇളക്കി വിടുകയാണ്.

മുസ്ലിംകളുടെ പ്രതികരണവും പ്രവർത്തനരീതിയും ഇസ്ലാമിനെതിരാണ്. മുസ്ലിംകളുടെ ഈ എതിർപ്പുണ്ടായിട്ടും ഞങ്ങൾ എല്ലാ വർഷവും അഭിവൃദ്ധിപ്പെട്ടു കൊണ്ടിരിക്കുന്നു. ആഫ്രിക്കയിലും മറ്റു രാഷ്ട്രങ്ങളിലും ലക്ഷക്കണക്കിന് മുസ്ലിംകൾ അഹ്മദിയ്യത്തിൽ പ്രവേശിച്ചു കൊണ്ടിരിക്കുകയാണ്. ഇന്തോനേഷ്യയിലും അഹ്മദികളെ അക്രമിച്ചുകൊണ്ടിരിക്കുന്നു, അഹ്മദികളെ ശഹീദാക്കുന്നു. എന്നാൽ ഇതൊക്കെയായിട്ടും അവിടെയും അഹ്മദിയ്യത്തിൽ ജനങ്ങൾ പ്രവേശിച്ചുകൊണ്ടിരിക്കുന്നു.

**പ്രതിനിധി** : അഹ്മദിയ്യത്ത് എവിടെയാണ് ഏറ്റവും ശക്തമായിട്ടുള്ളത്.

**ഹുസൂർ** : പശ്ചിമാഫ്രിക്കൻ രാഷ്ട്രങ്ങളിൽ അഹ്മദികളുടെ എണ്ണം വളരെയധികമാണ്. രാഷ്ട്രങ്ങളുടെ കണക്കിൽ പാക്കിസ്താനിലായിരുന്നു എണ്ണം കൂടുതലുണ്ടായിരുന്നത്. എന്നാൽ പശ്ചിമാഫ്രിക്കയിലെ ചില രാഷ്ട്രങ്ങളിൽ അഹ്മദികളുടെ എണ്ണം വളരെയധികം വർദ്ധിച്ചിരിക്കുന്നു, അവിടെ പാക്കിസ്താനി അഹ്മദികളെക്കാളും കൂടുതൽ അംഗസംഖ്യയുണ്ട്.

**പ്രതിനിധി** : താങ്കളുടെ ജമാഅത്ത് മാലിയിൽ ഉണ്ടോ?

**ഹുസൂർ** : അതെ, ഞങ്ങൾ മാലിയിലുമുണ്ട്. അവിടെ 6 റേഡിയോ സ്റ്റേഷനുകൾ മുഖേന ഞങ്ങളുടെ പ്രചാരണം നടന്നു കൊണ്ടിരിക്കുന്നു, ഞങ്ങളുടെ സന്ദേശം പരക്കുകയും ചെയ്യുന്നു. അവിടെയും മറ്റു മുസ്ലിംകൾ ഞങ്ങളെ എതിർത്ത് കൊണ്ടിരിക്കുന്നു. പക്ഷെ ഞങ്ങൾ അവിടെ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ഇസ്ലാമിന്റെ സമാധാനസന്ദേശം പരത്തുന്നുവെന്ന് വാദിക്കുന്നതും ജനഹൃദയങ്ങൾ ജയിച്ചടക്കാൻ നിശ്ചയദാർഢ്യമുള്ളതും ഞങ്ങൾ പരത്തുന്ന ഇസ്ലാമിന്റെ സമാധാനസന്ദേശം മാത്രമാണ്.

**പ്രതിനിധി** : എന്തു കൊണ്ടാണ് നിങ്ങളുടെ സന്ദേശം പരക്കാത്തത്?

**ഹുസൂർ** : ഞങ്ങളുടെ സന്ദേശം പരക്കുന്നുണ്ട്. ഇപ്പോഴത്തെ തലമുറ സ്വീകരിക്കുന്നില്ലെങ്കിൽ അടുത്ത തലമുറ ഇത് സ്വീകരിക്കുക തന്നെ ചെയ്യും. (തുടർന്ന് ഹുസൂർ പത്രപ്രതിനിധിയെ സംബോധന ചെയ്തു കൊണ്ട് പറഞ്ഞു) നിങ്ങൾ അല്ലെങ്കിൽ നിങ്ങളുടെ തലമുറ അഹ്മദിയ്യത്ത് സ്വീകരിക്കുക തന്നെ ചെയ്യും. ഞങ്ങൾക്ക് ഒരു ആത്മവിശ്വാസക്കുറവും ഇല്ല. ഞങ്ങൾ സന്ദേശം എത്തിച്ചുകൊണ്ടേയിരിക്കും.

പറയുന്നില്ല. എല്ലാ മതങ്ങളും ദൈവദത്തമായിരുന്നു. എല്ലാ പ്രവാചകന്മാരും ദൈവത്തിൽ നിന്നാണ് വന്നത്. സത്യാധിഷ്ഠിത അദ്ധ്യാപനങ്ങളാണ് അവർ കൊണ്ടുവന്നതും. ഞങ്ങൾ എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുന്നു. കാരണം അവരെല്ലാം ദൈവികരായിരുന്നു. എന്നാൽ കാലം നീങ്ങുന്നതിനനുസരിച്ച് അവരുടെ അദ്ധ്യാപനങ്ങൾ മാറി. മുസ്ലിംകൾ വിശുദ്ധ ഖുർആനേയും അതിന്റെ അദ്ധ്യാപനങ്ങളേയും ഉപേക്ഷിക്കുകയും അതനുസരിച്ചുള്ള പ്രവർത്തനത്തിൽ ഉപേക്ഷ വരുത്തുകയും അതിന്റെ പാഠങ്ങൾ മറക്കുകയും ചെയ്തതു പോലെ തന്നെ.

ഞങ്ങൾ പറയുന്നത് ജനങ്ങൾ തന്താങ്ങളുടെ യഥാർഥ മതാധ്യാപനങ്ങൾ പ്രാവർത്തികമാക്കുകയാണെങ്കിൽ തീർച്ചയായും അവസാനം ഇസ്ലാമിക പാഠങ്ങൾ സ്വീകരിക്കുക തന്നെ ചെയ്യും.



ഞങ്ങൾ നിങ്ങളുടെ അല്ലെങ്കിൽ നിങ്ങളുടെ മക്കളുടെ ഹൃദയം തീർച്ചയായും ജയിച്ചടക്കുക തന്നെ ചെയ്യും. ഒരു ദിവസം ഞങ്ങൾ ലോകത്തിന്റെ മുഴുവൻ ഹൃദയങ്ങളെയും ജയിച്ചടക്കുന്നതാണ്. ഇൻശാ അല്ലാഹ്.

**പ്രതിനിധി** : നിങ്ങളുടെ ഉദ്ദേശ്യങ്ങൾ പൂർത്തികരിക്കപ്പെടേണ്ട ആവശ്യകത എന്താണുള്ളത്.?

**ഹുസൂർ** : ഭിന്നതകളും അസംതൃപ്തമായ അവസ്ഥകളും ഉള്ള സ്ഥലങ്ങളിലെല്ലാം ആ വിടവുകൾ അടയ്ക്കേണ്ടതാണ്. ഇസ്ലാമിന്റെ ശരിയായതും സത്യസന്ധവുമായ അദ്ധ്യാപനം ഇവർക്കു മുന്നിലെത്തിയാൽ അതവർ തീർച്ചയായും സ്വീകരിക്കുന്നതാണ്.

**പ്രതിനിധി** : അമേരിക്കയിൽ അമുസ്ലിംകൾക്ക് ഇസ്ലാമിനെ പറ്റി പരിചയപ്പെടുത്തുന്നത് ഒരു വലിയ വെല്ലുവിളിയാണ്. ഇത്ര വ്യത്യസ്ത മതവിഭാഗങ്ങളിലെ ജനങ്ങൾ ഉള്ള സ്ഥിതിക്ക്....

**ഹുസൂർ** : ഞങ്ങൾ ഒരു മതത്തെയും തെറ്റാണെന്ന്

**പ്രതിനിധി**: അമേരിക്കയിലെ ജനങ്ങൾ മുസ്ലിംകളുടെ ഭീകരപ്രവർത്തനങ്ങൾ കാരണം ഇസ്ലാമിനോട് വെറുപ്പുള്ളവരാണ്.

**ഹുസൂർ** : ഈ തെറ്റിദ്ധാരണകളും സംശയങ്ങളും ദൂരീകരിക്കുവാൻ കുറച്ചു സമയമെടുക്കും. ഒരു പക്ഷേ ഇപ്പോഴുള്ള തലമുറ ഇസ്ലാം സ്വീകരിക്കില്ലായിരിക്കാം. പക്ഷെ അടുത്ത തലമുറ തീർച്ചയായും സ്വീകരിക്കുന്നതാണ്. ജനങ്ങൾ പൊതുവേ മതത്തോട് വിരക്തിയുള്ളവരും ബന്ധമില്ലാത്തവരുമായി കൊണ്ടിരിക്കുന്നു. അവർ ദൈവത്തിൽ വിശ്വസിക്കുന്നില്ല. നിരീശ്വരവാദികളാവുകയാണ്. മതത്തെക്കുറിച്ചുള്ള വീക്ഷണവും വ്യത്യസ്തമാണ്. എന്നാൽ ഇവർ തിരിച്ചു വരുകയും മതത്തിലേക്ക് ചായുകയും ചെയ്യുന്നതാണ്. അപ്പോൾ ഞങ്ങൾ ആ വിടവുകളും അടക്കുന്നതാണ്. ഈ ജനങ്ങൾ മതത്തിലേക്ക് തിരിയുമ്പോൾ ഇൻശാ അല്ലാഹ് ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളിലേക്ക് വരുന്നതുമാണ്.

*സമ്പാ: എ.നാസിർ (ഇന്റർവ്യൂ 08/05/2013)*









തഫ്സീർ



وَلَنَبۡلُوَنَّكُم بِشَيۡءٖ مِّنَ ٱلۡخَوۡفِ وَٱلۡجُوعِ وَنَقۡصٖ
مِّنَ ٱلۡأَمۡوَٰلِ وَٱلۡأَنفُسِ وَٱلثَّمَرَٰتِۗ وَبَشِّرِ ٱلصَّٰبِرِينَ ١٥٦

(2:156)

ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ)



# അഞ്ചു തരം പരീക്ഷണങ്ങൾ

ഈ ആയത്തിൽ അല്ലാഹു അഞ്ച് തരത്തിലുള്ള പരീക്ഷണങ്ങളെക്കുറിച്ചാണ് പരാമർശിക്കുന്നത്. പറയുന്നു; നാം നമ്മുടെ അസ്തിത്വത്തെ ആണയിട്ടു കൊണ്ട് പ്രഖ്യാപിക്കുന്നു; ഈ അഞ്ച് പരീക്ഷണങ്ങളിലൂടെ കടക്കാതെ നിങ്ങൾക്ക് ദൈവികസാമീപ്യം കരസ്ഥമാക്കാൻ സാധ്യമല്ല.

**ഭയം**

ഒന്നാമത്തെ പരീക്ഷണം ശത്രുക്കളുടെ അക്രമണ ഭയം നിങ്ങൾക്ക് ഉണ്ടാകുമെന്നതാണ്.എല്ലാ സമൂഹങ്ങളും നിങ്ങൾക്കെതിരിൽ നിൽക്കുകയും നിങ്ങളെ അക്രമിക്കുകയും ചെയ്യും. ഭരണകൂടങ്ങൾ നിങ്ങളോട് നീരസം പ്രകടിപ്പിക്കുകയും നിങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്യും. ഇക്കാര്യങ്ങളിൽ ഭീരുത്വമുള്ളവർ ഭയവിഹ്വലരാവുകയും ഇനി എന്തൊക്കെയാണാവോ സംഭവിക്കുകയെന്ന് പറയാനും തുടങ്ങും. ഈ ഭയം കാരണം പലരുടെയും ആത്മവീര്യം ചോർന്നു പോവുന്നതാണ്. ജനങ്ങളും ഭരണകൂടവും നമുക്കെതിരിൽ ഒരുമിച്ചിരിക്കുകയാണ്. പഞ്ചായത്ത് നമുക്കെതിരിൽ തീരുമാനം എടുത്തിരിക്കുകയാണ് എന്നൊക്കെ സ്വബോധം പോലും നഷ്ടപ്പെട്ട് അവർ പറഞ്ഞു തുടങ്ങും.

**പട്ടിണിയും വിശപ്പും**

ഇതിൽ നിന്ന് പുരോഗമിക്കുമ്പോൾ പിന്നെ അല്ലാഹു വിശപ്പ് മുഖേനയാണ് വിശ്വാസികളുടെ സ്ഥൈര്യം പരീക്ഷിക്കുക. വിശപ്പു കൊണ്ടുള്ള പരീക്ഷണം എന്നതിന്റെ വിവക്ഷ, ദൈവനിയോഗിതന്റെ വിളിയിൽ ഒരു സംഘം ഒരുമിച്ചു കൂടുമ്പോൾ ജനങ്ങൾ അവരെ ബഹിഷ്കരിക്കുന്നു. ജോലിയിൽ നിന്ന് പിരിച്ച് വിടുന്നു. കടകളിൽ നിന്ന് സാധനങ്ങൾ കൊടുക്കുകയില്ല. പണിക്കാരെ ജോലിക്ക് വിളിക്കാതാവുന്നു.

ആദ്യത്തിൽ ഭീഷണി മാത്രമായിരുന്നു. അതുകാരണം അവർ എന്തെങ്കിലും നഷ്ടം വരുത്തി വെക്കുമോ എന്ന ഭയമാണ് ഉണ്ടായിരുന്നത്... ഉദാ: തിരുനബി(സ) നെ ശിഅബ് അബീ ത്വാലിബിൽ വളഞ്ഞു വെച്ചപ്പോൾ എല്ലാ തരത്തിലുള്ള ഭക്ഷണസാധനങ്ങളും തടഞ്ഞു. ഈ ബഹിഷ്കരണം ഒരു നീണ്ട കാലം വരെ തുടരുകയുണ്ടായി.

**സാമ്പത്തിക നഷ്ടം**

ഈ പ്രയാസങ്ങളുടെ ശൃംഖല ഇത്രയും കൊണ്ട് ഒതുങ്ങുന്നതല്ല. മറിച്ച് നിങ്ങളുടെ സമ്പത്ത് കൊള്ളയടിക്കുന്നതും അനുവദനീയമായി ഗണിക്കുന്നതാണ്. ആദ്യം സമ്പത്തും സാധനങ്ങളും ഭക്ഷ്യവസ്തുക്കളും തടയുകയും പിന്നെ വിശ്വാസികളുടെ കയ്യിൽ ബാക്കിയുള്ളത് കൊള്ളയടിക്കുന്നത് അനുവദനീയമായി കണക്കാക്കുകയും ചെയ്യും.

**ജീവാപായം**

എന്നാൽ ഇതുകൊണ്ടൊന്നും ഒന്നും സംഭവിക്കാതെ വരുമ്പോൾ അവർ വിശ്വാസികൾക്ക് ജീവാപായം ഉണ്ടാക്കാൻ ശ്രമിക്കുന്നു. ജീവാപായം കൊണ്ടും പിന്തിരിയാതെ വരുമ്പോൾ മുഅ്മിനീംകളുടെ മക്കളെ ആക്രമിക്കാൻ തുടങ്ങുന്നു....... എങ്ങിനെയെങ്കിലും വേദനിപ്പിക്കണമെന്നാണ് അവർ ആഗ്രഹിക്കുന്നത്.

**ഫലനഷ്ടം**

ഫലനഷ്ടം എന്നതിന്റെ വിവക്ഷ വിശ്വാസികളുടെ പ്രയത്നങ്ങൾ തടസപ്പെടുത്തുക എന്നുമാകാം. അവരെ വിവിധ നേട്ടങ്ങളിൽ നിന്ന് തടയാനും അവർ ശ്രമിക്കുന്നതാണ്.

**പരീക്ഷണത്തിന്റെ ഉദ്ദേശ്യം**

താഴ്ന്ന പടിയിലുള്ള വിശ്വാസികൾക്ക് മേൽ പരീക്ഷണം വരുന്നത്, അവർക്ക് തങ്ങളുടെ വിശ്വാസത്തിന്റെ അവസ്ഥ ബോധ്യപ്പെടുന്നതിന്നു വേണ്ടിയാണ്. ഉയർന്ന പദവിയിലുള്ള വിശ്വാസികൾക്ക് പരീക്ഷണം വരുന്നത് മറ്റുള്ളവർക്ക് അവരുടെ ഈമാന്റെ അവസ്ഥ മനസ്സിലാകുന്നതിന്നാണ്.

സാധാരണ ഗതിയിൽ ജനങ്ങൾ മനസ്സിലാക്കുന്നത്, തങ്ങൾക്ക് വിശ്വാസത്തിൽ സ്ഥൈര്യമുണ്ടെന്നാണ്. പക്ഷേ സന്ദർഭം വരുമ്പോൾ അവരിൽ ദൗർബല്യം പ്രകടമാകുന്നു. അങ്ങിനെ തങ്ങൾക്കുള്ളിൽ ഇന്ന ദൗർബല്യമുണ്ടെന്ന് മനസ്സിലാക്കി അത് ദൂരീകരിക്കാൻ അവർ ശ്രമിക്കുന്നു.... ..അങ്ങിനെ അവർ പരിപക്വതയിലേക്കെത്തുന്നു. എന്നാൽ ഉന്നതരായ വിശ്വാസികൾക്ക് പരീക്ഷണം വരുമ്പോൾ അവർ എത്രമാത്രം ഉന്നതസ്ഥാനീയരാണെന്നും ഒരു പരീക്ഷണവും അവരുടെ കാലിടറാൻ നിമിത്തമാകില്ലെന്നും മറ്റുള്ളവർക്ക് ബോധ്യപ്പെടുന്നതാണ്. ചുരുക്കത്തിൽ നിങ്ങളുടെ ഉള്ളങ്ങളിലുള്ളത് വെളിപ്പെടുത്തുന്നതിന്ന് വേണ്ടി അഞ്ചു തരം പരീക്ഷണങ്ങൾ ഉണ്ടാകുന്നതാണ്.

**പരീക്ഷണങ്ങളിലെ വ്യതിരിക്തത**

ഒന്ന് ഭയമാണ്. അത് ബാഹ്യമായ ദു:ഖത്തിന്റെ പേരാണ്. രണ്ടാമത്തേത് വിശപ്പാണ്. അത് ആന്തരികമായ ബുദ്ധിമുട്ടാണ്. അതായത് ചിലരെ നാം ആന്തരിക പ്രയാസങ്ങൾ കൊണ്ടും മറ്റു ചിലരെ ബാഹ്യമായ ബുദ്ധിമുട്ടുകൾ കൊണ്ടും നാം പരീക്ഷിക്കുന്നതാണ്. ചിലർ യുദ്ധത്തിന് തയ്യാറായിരിക്കും. പക്ഷേ വിശപ്പ് സഹിക്കാൻ കഴിയില്ല. സൈനികർ യുദ്ധത്തിന് പോകാറുണ്ട്.അവർക്ക് വിശപ്പ് സഹിക്കാൻ കഴിയില്ല. അതുകൊണ്ട് അവർക്ക് കടലയും മറ്റും നൽകുന്നു. എന്നാൽ വിശ്വാസികളുടെ അവസ്ഥ ഇതല്ല. അവർ അല്ലാഹുവിന് വേണ്ടി വിശന്നിരിക്കാനും തയ്യാറാണ്. ഒരിക്കൽ തിരുനബി(സ) സ്വഹാബാക്കളെ പുറത്തേക്ക് അയച്ചപ്പോൾ അവരിൽ ആരും തന്നെ തങ്ങളെന്താണ് ഭക്ഷിക്കുക എന്ന് ചോദിച്ചില്ല.അങ്ങനെ അവർ ഇലകൾ തിന്നാണ് കഴിച്ചു കൂട്ടിയത്. മറ്റൊരവസരത്തിൽ ഈന്തപഴത്തിന്റെ കുരുവാണ് തിന്നാൻ ഉണ്ടായിരുന്നത്.

**നഷ്ടങ്ങളുടെ ആധിക്യം**

ചില ആളുകൾ വിശപ്പും ഭയവുമൊക്കെ സഹിക്കുന്നവരാണ്. പക്ഷേ സാമ്പത്തിക നഷ്ടം സഹിക്കാൻ കഴിയില്ല. മറ്റു ചിലർക്ക് സാമ്പത്തിക നഷ്ടം സഹിക്കാൻ കഴിയും, എന്നാൽ ജീവാപായം സഹിക്കാൻ കഴിയില്ല. പറയുന്നു; നിങ്ങൾക്ക് സമ്പത്തും ജീവനും നഷ്ടപ്പെടുന്നത് സഹിക്കേണ്ടതായി വരും. ചിലപ്പോൾ തങ്ങളുടെ പരിശ്രമങ്ങളുടെ ഫലവും നഷ്ടപ്പെടുന്നതാണ്.

ഫലനഷ്ടത്തിന്റെ ഉദാഹരണമാണ് ഉഹദ് യുദ്ധം. ശത്രുക്കളുമായി അടരാടുകയും ശഹീദാവുകയും ചെയ്തെങ്കിലും അവർക്ക് ഫലം ലഭിച്ചില്ല. അതുപോലെത്തന്നെ ഫലനഷ്ടത്തിൽ കച്ചവടം,വ്യവസായം, തൊഴിൽ എന്നിവയുടെ നാശനഷ്ടവും ഉൾപ്പെടുന്നു. അതാകട്ടെ യുദ്ധത്തിന്റെ അനിവാര്യപരിണിതിയുമാണ്. ചുരുക്കത്തിൽ പറയുന്നത്, നിങ്ങളുടെ പരിശ്രമങ്ങൾക്ക് ഉദ്ദേശിച്ച ഫലം ലഭിക്കണമെന്നില്ല.

**സന്തോഷവാർത്ത**


പറയുന്നു; വബശ്ശിരി സ്സ്വാബിരീൻ ഈ ബുദ്ധിമുട്ടുകളെ സഹിക്കുകയും വിശ്വാസത്തിൽ അടിയുറച്ച് നിൽക്കുകയും ചെയ്യുന്നവർക്ക് ഒന്നും തന്നെ ഭയപ്പെടാനില്ല. ജനങ്ങൾ ഞങ്ങളെ പേടിപ്പിക്കുന്നെങ്കിൽ പേടിപ്പിച്ചു കൊള്ളട്ടെ, ഞങ്ങളെ എതിർക്കുന്നെങ്കിൽ എതിർക്കട്ടെ, ഞങ്ങൾക്ക് സാധനങ്ങൾ തരുന്നില്ലെങ്കിൽ വേണ്ട, ഞങ്ങൾ ദൈവമാർഗത്തിൽ ത്യാഗം സഹിച്ചു കൊണ്ടിരിക്കുന്നതാണ്. അതുപോലെ ഞങ്ങളുടെ സമ്പത്ത് കൊള്ളയടിക്കാനാണെങ്കിൽ കൊള്ളയടിച്ചു കൊള്ളുക. ജീവാപായം ഉണ്ടാക്കാൻ ശ്രമിക്കുമ്പോൾ അവർ പറയും, ഞങ്ങളെ കൊല്ലാനാണെങ്കിൽ അതും ചെയ്തുകൊള്ളുക. ഞങ്ങളുടെ മക്കളെ ആക്രമിച്ച് നാശമുണ്ടാക്കാനാണെങ്കിൽ അതും നിങ്ങൾക്ക് ചെയ്യാവുന്നതാണ്. നിങ്ങളുടെ ഇത്തരം പ്രവർത്തനങ്ങളേയും ഞങ്ങൾ ഗൗനിക്കുന്നില്ല. ചുരുക്കത്തിൽ അവർ ആദ്യം മുതൽ അവസാനം വരേയും എതിരാളികളുടെ ഓരോ അക്രമത്തിന്റേയും മുന്നിൽ അടിയുറച്ച് നിൽക്കുന്നതാണ്.അവർ എപ്പോഴും പറയുക; നിങ്ങൾ ഇഷ്ടമുള്ളത് ചെയ്തു കൊള്ളുക, നിങ്ങൾക്ക് ഞങ്ങളെ സത്യത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ സാധ്യമല്ല എന്നായിരിക്കും.

അങ്ങിനെ അവർ അഞ്ചുതരം പരീക്ഷണങ്ങളിലും പിന്തിരിയാതിരിക്കുകയും അടിയുറച്ച് നിൽക്കുകയും സ്ഥൈര്യത്തോടെ അതൊക്കെ സഹിക്കുകയും ചെയ്യുമ്പോൾ അല്ലാഹു അവർക്ക് സുവാർത്ത നൽകിക്കൊണ്ട് പറയും; ആശംസകൾ! നിങ്ങളുടെ ഈമാന്റെ ശക്തി വ്യക്തമായിരിക്കുന്നു. നിങ്ങൾ പരീക്ഷണങ്ങളിൽ വിജയിച്ചിരിക്കുന്നു. ഇനി നിങ്ങൾ അടുത്ത ക്ലാസിലേക്ക് തയ്യാറായി കൊള്ളുക.

**സ്വബർ അഥവാ ക്ഷമ**

സ്വബർ കൊണ്ടുള്ള വിവക്ഷ ദു:ഖം ഉണ്ടാകരുത് എന്നല്ല. മറിച്ച് ദു:ഖം കാരണം ബുദ്ധിയും വിവേകവും കർമശേഷിയും നഷ്ടപ്പെടുകയില്ല എന്നാണ്. ഇത് എത്ര മാത്രം മനുഷ്യപ്രകൃതിക്ക് അനുയോജ്യമായ അദ്ധ്യാപനമാണ്! ദു:ഖിക്കുന്നതിൽ നിന്ന് തടയുന്നില്ല. കാരണം അത് നൈസർഗികമാണ്. അതേ സമയം വാവിട്ടു കരയുന്നതിനും പ്രവർത്തനങ്ങൾ ഉപേക്ഷിക്കാനും അനുമതിയും ഇല്ല. കാരണം അത് ഭീരുത്വത്തിന്റേയും പൗരുഷമില്ലായ്മ യുടേയും ലക്ഷണമാണ്. (തഫ്സീർ കബീർ, ഭാഗം:2)

ആശയാനുവാദം: എ.അത്തിയ




# നിരസിക്കാൻ സാധിക്കാത്ത ശിപാർശ

മൗലവി ഖുത്വുബുദ്ദീൻ സാഹിബ് പറയുന്നു, ആദ്യകാലഘട്ടത്തിൽ വൈദ്യശാസ്ത്രം പഠിക്കുന്നതിലേക്ക് ഞാൻ ശ്രദ്ധ ചെലുത്തിയപ്പോൾ ചില പ്രാരംഭ അദ്ധ്യായന ഗ്രന്ഥങ്ങൾ പഠിച്ചതിനു ശേഷം ഏതെങ്കിലും പ്രഗൽഭ വ്യക്തിയിൽ നിന്നും വിദ്യ അഭ്യസിക്കാൻ തീരുമാനിച്ചു. ഹക്കീം ശരീഫ് സാഹിബ് അമൃത്സരിയുടെ പാണ്ഡിത്യത്തെ കുറിച്ച് ഒരുപാട് പ്രശംസകൾ കേട്ടപ്പോൾ അദ്ദേഹത്തിന്റെ പക്കൽ ചെന്ന് അറിവ് കരസ്ഥമാക്കാനുള്ള എന്റെ അഭിവാഞ്ച അദ്ദേഹത്തെ ഉണർത്തിച്ചു. എന്നാൽ സാധ്യമല്ലാ എന്ന് പറയുക മാത്രമല്ല, നിരാശപ്പെടുത്തുന്ന രീതിയിലുള്ള മറുപടിയാണ് അദ്ദേഹത്തിൽ നിന്നും ലഭിച്ചത്. അതിന് ശേഷം ഞാൻ ഖാദിയാനിൽ വന്നപ്പോൾ ഹദ്റത് സാഹിബിന്റെ സവിധത്തിൽ വൈദ്യശാസ്ത്രം ഏതെങ്കിലും പ്രഗൽഭനിൽ നിന്ന് പഠിക്കാൻ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞു. ഹദ്റത് സാഹിബ് ഹക്കീം ശരീഫ് സാഹിബിന്റെ പേര് തന്നെ നിർദേശിച്ചപ്പോൾ ഞാൻ പറഞ്ഞു, അദ്ദേഹം സാധ്യമല്ലാ എന്ന് പറഞ്ഞ് കഴിഞ്ഞതാണ്. ഹദ്റത് സാഹിബ് പറഞ്ഞു, ചില വ്യക്തികൾ അവരുടെ പൊതുനിലപാട് അനുസരിച്ച് ചിലരുടെ അപേക്ഷകൾ നിരസിക്കാറുണ്ട്. എന്നാൽ തൽസംബന്ധമായി അവർക്ക് മതിപ്പുള്ള ആരെങ്കിലും ശിപാർശ ചെയ്താൽ അവരത് അംഗീകരിക്കുകയും ചെയ്യുന്നതാണ്. എന്റെ വിശ്വാസം ഹക്കീം സാഹിബ് എന്റെ ശിപാർശ നിരസിക്കില്ല എന്നതാണ്. അങ്ങിനെ ഞാൻ ഹദ്റത് സാഹിബിന്റെ ശിപാർശയുമായി ഹക്കീം സാഹിബിന്റെ അടുക്കലെത്തി. അപ്പോൾ അദ്ദേഹം വളരെയധികം സന്തോഷത്തോടു കൂടി എന്റെ അപേക്ഷ സ്വീകരിക്കുകയുണ്ടായി. തുടർന്ന് പറഞ്ഞു, താങ്കൾ ഏതൊരു വ്യക്തിയുടെ ശിപാർശയുമായാണോ വന്നിരിക്കുന്നത് അദ്ദേഹത്തിന്റെ നിർദേശത്തെ ഞാൻ ഇത് വരെ നിരാകരിച്ചിട്ടില്ല. അത് തിരസ്കരിക്കുക എനിക്ക് അസാധ്യവുമാണ്.

## അല്ലാഹു അതിനേക്കാൾ ഉത്തമമായത് നൽകും

മൗലവി അബ്ദുൽ കരീം സാഹിബ് മർഹൂം എഴുതുന്നു, ഹദ്റത് സാഹിബ് തബ്ലീഗ് (അയിനെ കമാലാതെ ഇസ്‌ലാം എന്ന ഗ്രന്ഥത്തിലെ അറബി ഭാഗം) എഴുതുകയായിരുന്ന സന്ദർഭത്തിൽ യാദൃശ്ചികമായി മൗലവി നൂറുദ്ദീൻ സാഹിബ് അവിടെ എത്തുകയു ണ്ടായി. ഹദ്റത് സാഹിബ് രണ്ടു പേജുള്ള വലിയൊരു പ്രബന്ധം എഴുതി പൂർത്തിയാക്കി. അതിന്റെ ദൈവദത്തമായ സാഹിത്യസമ്പുഷ്ടതയിൽ ഹദ്റത്ത് സാഹിബിന് അഭിമാനവുമുണ്ടായിരുന്നു. അതിന്റെ ഫാർസി ഭാഷാന്തരത്തിനായി എനിക്ക് തരേണ്ടിയിരുന്നു. എന്നാൽ മറവി മൂലം അത് പോക്കറ്റിൽ വെച്ചു കൊണ്ട് പുറത്തേക്ക് നടക്കുവാനായി പോയി. മൗലവി സാഹിബും കൂട്ടരും കൂടെയുണ്ടായിരുന്നു. മടക്കത്തിൽ പാതി വഴിയിലെത്തിയപ്പോൾ ആ കടലാസ് മൗലവി സാഹിബിന്റെ കയ്യിൽ നൽകി വായിച്ചതിന് ശേഷം വിനീതന് പകർപ്പ് എഴുതുവാൻ നൽകണമെന്ന് നിർദേശിച്ചു. എന്നാൽ മൗലവി സാഹിബിന്റെ പക്കൽ നിന്നും ആ പ്രബന്ധം നഷ്ടപ്പെട്ടു. അദ്ദേഹം മടങ്ങി വന്ന് മുറിയിൽ ഇരിപ്പുറപ്പിച്ചു. ഹദ്റത് സാഹിബ് പതിവനുസരിച്ച് അകത്തേക്ക് കയറിപ്പോകുകയും ചെയ്തു. ഞാൻ ഒരാളോട് പറഞ്ഞു, ഇന്ന് ഹദ്റത് സാഹിബ് ലേഖനം അയക്കാത്തതിനാൽ പകർപ്പെഴുത്തുകാരൻ തലയിൽ കയറി നിൽക്കുകയാണ്. എനിക്കാണെങ്കിൽ അത് വിവർത്തനം ചെയ്യേണ്ടതുമുണ്ട്. ഹദ്റത് സാഹിബ് വിവരം അറിഞ്ഞെങ്കിലും സാധാരണ കാണാറുള്ളതു പോലെ പ്രസന്നവദനായും പുഞ്ചിരിച്ചു കൊണ്ടും കാണപ്പെട്ടു. പുറത്ത് വന്ന് കൊണ്ട് വളരെ എളിമയോടു കൂടി പറഞ്ഞു, കടലാസ് നഷ്ടപ്പെട്ട കാരണത്താൽ മൗലവി സാഹിബിന് വളരെ വിഷമം അനുഭവപ്പെട്ടു. അത് അന്വേഷിച്ചു നടക്കേണ്ടി വന്നതിൽ എനിക്ക് വളരെ വ്യസനമുണ്ട്. എന്നാൽ അല്ലാഹു അതിനേക്കാൾ ഉത്തമമായത് നല്കും എന്നതാണ് എന്റെ വിശ്വാസം.

(അവ:സീറത്തുൽ മഹ്ദി)

സമ്പാ: ടി. അമീറുദ്ദീൻ സാജിദ്, മുവ്വാറ്റുപുഴ

---

ദഅ്‌വത്തെ ഇലല്ലാഹ്



# ആരാണ് ശ്രേഷ്ഠൻ

**സഗീർ എച്ച് എസ്**

ഒരു അമേരിക്കൻ പാതിരിയുടെ വക്കീൽ എന്റെ പക്കൽ രണ്ടു ദിവസത്തോളം വരികയും വിവിധ കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

വിശുദ്ധഖുർആൻ കൊണ്ട് അയാൾ മസീഹിന്റെ ശ്രേഷ്ഠത സ്ഥാപിക്കാൻ ശ്രമിച്ചപ്പോൾ ഞാൻ മറുപടിയായി പറഞ്ഞു, വിശുദ്ധ ഖുർആൻ കൊണ്ട് മസീഹിന്റെ സ്ഥാനം നിങ്ങൾക്ക് നബി തിരുമേനി (സ) യേക്കാൾ ശ്രേഷ്ടമാണെന്ന് സ്ഥാപിക്കാൻ സാധിക്കില്ല. പ്രത്യുത, വിശുദ്ധ ഖുർആനിൽ നിന്നും മസീഹ് നബി(സ) യുടെ ശിഷ്യനായിട്ടാണ് തെളിയുന്നത്. വിശുദ്ധഖുർആനിൽ മസീഹിനെ **ഗുലാമൻ സക്കിയ്യൻ** (പരിശുദ്ധനായ പുത്രൻ) എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ നബി(സ)യെ **യുസക്കീഹിം - മുസക്കി** അതായത് പരിശുദ്ധനാക്കുന്നവൻ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. പിന്നെ മസീഹിനെ സംബന്ധിച്ച് പറയുന്നത്, **അയ്യദ്നാഹു ബിറൂഹുൽ ഖുദുസ്** എന്നാണ്. എന്നാൽ നബി (സ) യെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നത്, **അല്ലമഹു ശദീദുൽ ഖുവ** എന്നാണ്. **ശദീദുൽ ഖുവ**യുടെ സ്ഥാനം എന്തായാലും **റൂഹുൽ ഖുദുസി**നെക്കാളും മേലെയാണ്. **റൂഹുൽ ഖുദുസി**ന്റെ ഇറക്കം മസീഹിൽ ഒരു പ്രാവിന്റെ രൂപത്തിലാണ് ഉണ്ടായത്. എന്നാൽ നബി തിരുമേനി (സ) യിൽ **റൂഹുൽ ഖുദുസി**ന്റെ ഇറക്കം **ശദീദുൽ ഖുവാ**യുടെ രൂപത്തിലായിരുന്നു. മുഴുവൻ ചക്രവാളവും അതിന്റെ തേജസാൽ നിറഞ്ഞിരുന്നു. ഇനി ഈ രണ്ടു പ്രവാചകരുടെയും ഇടയിലുള്ള വ്യത്യാസം ഈ രണ്ടു തേജസിലുള്ള വ്യത്യാസം മാത്രമാണ്. പൂച്ചക്ക് പോലും പിടിക്കാൻ കഴിയുന്ന പ്രാവെവിടെ, ആകാശഭൂമിയിലുള്ളതിനെയെല്ലാം പ്രശോഭിതമാക്കിയ തേജസ്സെവിടെ! പിന്നീട് പറയുന്നു, ഫ **അയ്യദഹും ബിറൂഹിൻ മിൻഹു**. റൂഹുൽ ഖുദ്സ് മുഖാന്തിരം സഹാബാക്കളെ സഹായിച്ചു. ചുരുക്കത്തിൽ വിശുദ്ധ ഖുർആൻ കൊണ്ട് നിങ്ങൾക്ക് മസീഹിന്റെ ശ്രേഷ്ഠത സ്ഥാപിക്കാൻ സാധ്യമല്ല. അയാൾ പറഞ്ഞു, മസീഹിന്റെ നിരപരാധിത്വത്തെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെ പവിത്രതയെയും കുറിച്ച് വിശുദ്ധഖുർആനിൽ പരാമർശമുണ്ട്. എന്നാൽ ആ നബിയുടെ കുടുംബത്തെ കുറിച്ച് പരാമർശമില്ല. പറഞ്ഞു, ആക്ഷേപം ഉണ്ടെങ്കിലേ നിരപരാധിത്വത്തിന്റെ ആവശ്യം വരുന്നുള്ളു. മറ്റെല്ലാ പ്രവാചകന്മാരുടെയും കുടുംബത്തിന്റെ പവിത്രത ജനങ്ങൾ അംഗീകരിക്കുന്നുണ്ട്. എന്നാൽ മസീഹിന്റെ കുടുംബത്തെ കുറിച്ച് ആക്ഷേപമുണ്ടായിരുന്നു. അതുകൊണ്ടാണ് നിരപരാധിത്വം തെളിയിക്കേണ്ടി വന്നത്.

(ഹയാത്തെ ശംസ്)






# റബ്ബിഗ്ഫിർലീ വതുബ് അലയ്യ

ഹദ്റത് ഇബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു, ഒരേസദസ്സിൽ ഞങ്ങൾ ഇരിക്കുന്ന അവസരത്തിൽ തന്നെ നബി തിരുമേനി (സ) നൂറിലധികം തവണ ഇപ്രകാരം ദുആ ചെയ്യുന്ന പല അവസരങ്ങളും ഉണ്ടായിട്ടുണ്ട്, **റബ്ബിഗ്ഫിർലീ വതുബ് അലയ്യ ഇന്നക്ക അൻത തവ്വാബുൽ ഗഫൂർ.** എന്റ നാഥാ! എനിക്ക് പൊ റുത്ത് തരേണമെ. എന്റെ പശ്ചാത്താപം സ്വീക രിച്ചു കൊണ്ട് എന്നിലേക്ക് ചായണെ. എന്നിൽ കരുണ ചൊരിയണെ. നിശ്ചയമായും നീ അധി കമായി തൗബ സ്വീകരിക്കുന്നവനും പൊറുത്തു കൊടുക്കുന്നവനുമാകുന്നു.

(അബൂദാവൂദ്)

അഥവാ ഈ വിശദീകരണം ശരിയാണെങ്കിൽ പിന്നെ തൗബയുമായുള്ള ബന്ധം എന്തെന്നതിൽ സംശയം ഉണ്ടാകുന്നു. പൊതുവിൽ തൗബ എന്നതു കൊണ്ടർത്ഥമാക്കുന്നത്, മനുഷ്യനിൽ നിന്ന് സംഭവിച്ചു പോകുകയും ഭാവിയിൽ അതിൽ നിന്ന് രക്ഷപ്പെടുന്നതിനായി അല്ലാഹുവിലേക്ക് തിരിയുകയും ചെയ്യുക എന്നതാണ്. അതിനാണ് തൗബ എന്നു പറയുന്നത്........... പാപങ്ങളിൽ നിന്ന് വിട്ടു നിൽക്കുന്നതിനായി അല്ലാഹുവിനോട് അർത്ഥിക്കുക എന്ന അർത്ഥത്തിൽ ഹദ്റത് മസീഹ് മൗഊദ് (അ) വ്യത്യസ്ത രീതിയിൽ ജമാഅത്തിനെ ഉപദേശിക്കുകയുണ്ടായി. തൗബയുടെ നിസാര അർത്ഥത്തേക്കാൾ ഉപരിയായി തൗബയുടെ ഉന്നതമായ അർത്ഥത്തിലേക്ക് ശ്രദ്ധ ചെലുത്തുകയും, ഇസ്തിഗ്ഫാറിന്റെ നിസാര അർത്ഥത്തേക്കാൾ ഉപരിയായി ഇസ്തിഗ്ഫാറിന്റെ ഉന്നതമായ അർത്ഥത്തിലേക്ക് ശ്രദ്ധ ചെലുത്തുക എന്നും പറയുകയുണ്ടായി.

അഥവാ മുഴുവൻ ലോകത്തിനും ശിക്ഷണം നൽകുന്നവരാകാനും, മുഴുലോകത്തിനും സമാധാനവും സംതൃപ്തിയും നൽകാനും, അതിന് വിജയത്തിന്റെയും സഫലതയുടെയും സുവാർത്ത നൽകാനും ആഗ്രഹിക്കുന്നുവെങ്കിൽ എല്ലാ അർത്ഥത്തിലും ഉത്തമമായവയെ അന്വേഷിക്കേണ്ടത് അനിവാര്യമാകുന്നു.

അതിനാൽ നാം തെറ്റ് ചെയ്തു കൊണ്ടു പോകുകയും അല്ലാഹുവിനോട് തങ്ങൾ ചെയ്ത തെറ്റിനെ മറച്ചു വെക്കണമെന്ന് പ്രാർത്ഥിക്കുക എന്നർത്ഥത്തിലുള്ള തൗബയിൽ നിന്ന് ശ്രദ്ധ തിരിച്ചു കൊണ്ട് വളരെ ഉത്തമമായ നിലയിൽ, വളരെ ഹൃദയഹാരിയും പ്രഭാവിതവുമായ നിലയിൽ നബി തിരുമേനി(സ) ഇസ്തിഗ് ഫാർ ചെയ്യാറുണ്ടായിരുന്ന അതേ അർത്ഥത്തിൽ നിങ്ങളും ഇസ്തിഗ്ഫാർ ചെയ്യുക എന്ന അഹ്മദിയ്യ ജമാഅത്തിനോടുള്ള ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഹദ്റത് മസീഹ് മൗഊദ് (അ) ഈ വസ്തുതയിലേക്ക് വെളിച്ചം വീശിക്കൊണ്ട് പറയുന്നു, "അല്ലാഹുവിനെ ഭയപ്പെടുന്നവർ, അവർ നബിയും റസൂലും ആണെങ്കിൽ തന്നെയും സന്ദേശം എത്തിക്കേണ്ട കടമ ശരിയാം വണ്ണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ഏറ്റ് പറയുന്നവരാണ്."

ഏതർത്ഥത്തിലാണ് നബി തിരുമേനി (സ) തൗബ ചെയ്യാറുണ്ടായിരുന്നതെന്ന് ഇവിടെ നമുക്ക് മനസ്സിലാകുന്നു. ആ തൗബയുടെയും ഇസ്തിഗ്ഫാറിന്റെയും ബന്ധം ഏതർത്ഥത്തിലാണെന്നും മനസ്സിലാകുന്നു. തന്റെ എല്ലാ പരിശ്രമങ്ങളും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചിട്ടും, തന്റെ ദിനരാത്രങ്ങളിലെ സ്വസ്ഥതയെ അല്ലാഹുവിന്റെ പ്രീതിക്കായി ത്യജിച്ചിട്ടും, രണ്ടു കാരണങ്ങളാൽ നബി തിരുമേനി (സ) തൗബയിലേക്ക് ശ്രദ്ധിച്ചിരുന്നു.


ഒന്ന്, തന്റെ എല്ലാ അഭിലാഷങ്ങളും, എല്ലാ ആഗ്രഹങ്ങളും അനുസരിച്ച് അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം വരിക്കാൻ സാധിച്ചിട്ടില്ല. അതായത് അല്ലാഹുവിന്റെ സവിധത്തിൽ ത്യാഗം വരിക്കുന്നതിനുള്ള ആഗ്രഹം അസാധാരണമായ നിലയിൽ വളർന്നിരുന്നു. അതിനാൽ മുഴുവൻ മനുഷ്യകുലത്തേക്കാളും ഉന്നതമായ നിലയിൽ ത്യാഗം വരിച്ചിട്ടും, എല്ലാ പ്രവാചകന്മാരുടേയും നേതാവ് എന്ന വിശേഷണമുണ്ടായിട്ടും, ആവർത്തിച്ചാവർത്തിച്ച് അല്ലാഹു തന്റെ തൃപ്തി അറിയിച്ചിട്ടും, നിരന്തരമായി നബി(സ)യോട് സ്നേഹത്തിന്റെയും ഇഷ്ട ത്തിന്റെയും കാര്യങ്ങൾ പറഞ്ഞിട്ടും തന്റെ എല്ലാം തന്നെ അല്ലാഹുവിന്റെ മാർഗത്തിൽ സമ ർപ്പിക്കണം എന്ന ആഗ്രഹം പൂർണമായില്ല എന്ന് തോന്നിയിരിക്കാം. ഈ അർത്ഥത്തിലുള്ള തൗബയാണ്. ഒരു പാപിയുടെ തൗബ എവിടെ, ഒരു ദൈവജ്ഞാനിയുടെയും നിഷ്കളങ്കന്റെയും തൗബ എവിടെ! ഇവർ രണ്ടു പേരുടെയും ശൈലിയിൽ ആകാശഭൂമിയുടെ വ്യത്യാസം ഉണ്ട്. അവരുടെ തിന്മയുടെ നിലവാരം മാറുന്നു. അതായത് അവരുടെ സങ്കൽപത്തിലുള്ള തിന്മ ഒരു സാധാരണ മനുഷ്യന്റെ സങ്കൽപത്തിലുള്ള തിന്മയേക്കാൾ തികച്ചും വിഭിന്നമായിരിക്കും. അതിലും പടിപടിയായി വലിയ വ്യത്യാസം ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ചുരുക്കത്തിൽ നബി തിരുമേനി (സ) യുടെ ഈ അവസ്ഥയെയാണ് ഹദ്റത് മസീഹ് മൗഊദ് (അ) ചിത്രീകരിക്കുന്നത്. അതിനെയാണ് അവർ വലിയ പാപമായി കണക്കാക്കുന്നത്. അതായത് തങ്ങളുടെ മുഴുവൻ കഴിവുകളും ഉപയോഗിച്ചിട്ടു കൂടി അവർ മനസ്സിലാക്കുന്നത് നാം ഇപ്പോഴും കടമ പൂർത്തിയാക്കിയിട്ടില്ല എന്നാണ്.

രണ്ടാമത്തെ കാരണം മാനുഷിക ആവശ്യങ്ങൾ കൂടെത്തന്നെ ഉണ്ടായിരിക്കുന്നതാണ് എന്ന ചിന്തയാണ്. അവസാനം അവർക്ക് തളർന്ന് ഉറങ്ങേണ്ടിയും വരുന്നു, വിശ്രമത്തിനുള്ള മറ്റ് മാർഗങ്ങളും സ്വീകരിക്കേണ്ടി വരുന്നു. ആ അവസ്ഥകൾ അവരെ സംബന്ധിച്ചിടത്തോളം പാപങ്ങളായിത്തീരുന്നു. അതായത് പാപിയുടെ അവസ്ഥ എന്തെന്നാൽ അവർ സുഖഭോഗത്തിൽ അതിരു ലംഘിക്കുകയും എല്ലാ തരത്തിലുള്ള സൗകര്യങ്ങളും അവർക്ക് ലഭിക്കുകയും ചെയ്താൽ പോലും ഇപ്പോഴും മുഴുവനാക്കാൻ കഴിഞ്ഞില്ല, ഇനി അല്പം കൂടി ബാക്കിയുണ്ടാകണം എന്ന അസ്വസ്ഥതയിലായിരിക്കും........

ചുരുക്കത്തിൽ ഓരോ വ്യക്തിയുടെയും അവസ്ഥയ്ക്കനുസൃതമായി സാങ്കേതിക അർത്ഥം മാറുന്നു. ഒരേ സാങ്കേതിക അർത്ഥം വ്യത്യസ്ത അർത്ഥം കൈവരിക്കുന്നു. അതിനാൽ പകലന്തിയോളം പാപങ്ങളിൽ മുഴുകിക്കഴിയുകയും ആഗ്രഹങ്ങൾ പൂർത്തിയാകുകയും ചെയ്യാത്ത ഒരു പാപി പാപത്തെ സംബന്ധിച്ച് പറയുമ്പോൾ അതിനർത്ഥം എനിക്ക് ചെയ്യാൻ കഴിയുന്നതിനേക്കാൾ കൂടുതലായി ചെയ്യാൻ എനിക്കാഗ്രഹമുണ്ടായിരുന്നു എന്നാണ്. ഒരു പ്രവാചകൻ അതും പ്രവാചകരിൽ ഏറ്റവും ഉത്തമനും പ്രവാചകരുടെ രാജാവും പ്രവാചകരുടെ നേതാവും പ്രവാചകരിൽ ഏറ്റവും സമീപസ്തനും ശ്രേഷ്ഠനും ആയ ഹദ്റത് അഖ്ദസ് മുഹമ്മദ് മുസ്തഫാ (സ) പാപത്തെ കുറിച്ച് പറയുമ്പോൾ അതിന്റെ വിഷയം തന്നെ ഭിന്നമാകുന്നു. നബി (സ) യ്ക്ക് ലഭിച്ചിരുന്ന ആ അല്പനേരത്തെ വിശ്രമം പോലും ആ മഹാത്മാവിന്റെ ദൃഷ്ടിയിൽ പാപമായിരുന്നു. എനിക്ക് കഴിഞ്ഞിരുന്നുന്നെങ്കിൽ ഞാൻ ആ വിശ്രമത്തെയും ഉപേക്ഷിച്ചു കൊണ്ട് അല്ലാഹുവിനായി എന്തെങ്കിലും ചെയ്തേനെ!

(ഖുത്വുബാതെ ത്വാഹിർ, വാള്യം,3)




അൽഹഖ്
വാർത്താപത്രിക
2013 ജൂൺ
പുസ്തകം 21 ലക്കം 6


# നമസ്കാരം എന്റെ കൺകുളിർമയാണ്

തിരുനബി (സ) ഒരിക്കൽ പറഞ്ഞു: 'ഖുർറത്തു അയ്നീ ഫിസ്സ ലാത്ത്' എന്റെ കൺകുളിർമ നമസ്കാരത്തിലാകുന്നു.
തിരുനബി(സ) നമസ്കാരത്തിൽ ശുഷ്കാന്തി പുലർത്തു കയും തന്റെ ഉമ്മത്തിനെ അത് നിലനിർത്താൻ നിരന്തരം ഉപദേശിക്കുകയും ചെയ്തുകൊണ്ടിരിന്നു.
അഞ്ച് നേരത്തെ നമസ്കാരങ്ങൾ, ഒരു നദിയിൽ അഞ്ച് സമ യം കുളിക്കുന്നതു പോലെയാണെന്നും അത്തരം ഒരാളുടെ ശരീരത്തിൽ അഴുക്കുകൾ ഇല്ലാത്തത് പോലെ നമസ്കാര ക്കാരന്റെ ഹൃദയം വിശുദ്ധമാകുമെന്നും നബി (സ) വ്യക്തമാ ക്കിയിട്ടുണ്ട്.
നമസ്കാരത്തിൽ ഏറ്റവും പ്രധാനം, ശ്രദ്ധ തന്നെയാണ്. ശ്രദ്ധാപൂർവ്വം നമസ്കരിക്കുമ്പോഴാണ് അത് ദൈവസമക്ഷ ത്തിൽ സ്വീകൃതമാവുകയുള്ളു.
വിശുദ്ധ ഖുർആൻ പറയുന്നു:
**വയ്‌ലുല്ലിൽ മുസ്വല്ലീന അല്ലദീനഹും ഫീ സ്വലാത്തിഹിം സാഹൂൻ** (അശ്രദ്ധരായ നമസ്കാരക്കാർക്ക് നാശം)
നമസ്കാരത്തിൽ ശ്രദ്ധ ലഭിക്കാൻ അതിന്റെ അർത്ഥം അറി ഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. മറ്റൊന്ന് അല്ലാഹു അക് ബർ എന്ന വിളി കേട്ടുകൊണ്ട് വരുന്ന ഒരാളെ സംബന്ധിച്ചി ടത്തോളം മറ്റൊന്നും വലുതാകാൻ പാടില്ല. കുടുംബവും, കച്ചവടവും മറ്റു വലുതാണെന്ന് കരുതുന്നവർക്ക് അല്ലാഹു വലുതാണെന്ന ചിന്തയാണ് അന്യമാവുന്നത്.
നമസ്കാരം ആരംഭിക്കുന്നതും 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞു കൊണ്ടാണ്. ആ തിരിച്ചറിവ് നമസ്കാരക്കാരന് എപ്പോഴും വേണ്ടതാണ്.
നമസ്കാരത്തെ സംരക്ഷിക്കേണ്ടതും ആവശ്യമാണ്.
**ഹാഫിസൂ അലസ്സ്വലാത്തി വസ്സ്വലാത്തിൽ വുസ്ത്വാ**
നമസ്കാരത്തെ സംരക്ഷിക്കുക, പ്രത്യേകിച്ച് മധ്യനമസ്കാ രത്തെ. 'ഹാഫിസൂ' എന്ന പദം പരസ്പരം സംരക്ഷിക്കുക എന്ന അർത്ഥമാണ് നൽകുന്നത്.
നാം നമസ്കാരത്തെ സംരക്ഷിക്കുമ്പോൾ നമസ്കാരം നമ്മെയും സംരക്ഷിക്കുന്നതാണ്.
ഇതിൽ മദ്ധ്യനമസ്കാരം കൊണ്ടുള്ള ഒരു വിവക്ഷ നമുക്ക് തിരക്കിനിടയിൽ വിട്ടു പോകാനിടയുള്ള/മറക്കാൻ സാധ്യ തയുള്ള നമസ്കാരമെന്നും ആകാവുന്നതാണ്. അതു കൊണ്ട് തന്നെ ആ നമസ്കാരത്തെ സംരക്ഷിക്കേണ്ടതും നമസ്കാര ത്തിന്റെ സംരക്ഷണം ലഭിക്കാൻ ഒഴിച്ചു കൂടാനാവാത്തതാണ്.

## യുഗനാദം

ഹദ്റത് അഹ്മദ്(അ)



### പരീക്ഷണം അനിവാര്യം

അല്ലാഹു ഒരു ആകാശീയ പ്രസ്ഥാനത്തെ സ്ഥാപിക്കുമ്പോ ൾ പരീക്ഷണം അതിന്റെ ഒരു ഭാഗമായിത്തീരുന്നു. ഈ പ്രസ്ഥാനത്തിൽ പ്രവേശിക്കുന്നവർക്ക് എന്തെങ്കിലും തര ത്തിലുള്ള പരീക്ഷണം ഉണ്ടാകേണ്ടത് അനിവാര്യമായിത്തീ രുന്നു. അതിലൂടെ അല്ലാഹു സത്യവാന്മാരെയും സ്ഥിരത കൈക്കൊള്ളുന്നവരെയും വേർതിരിച്ച് കാണിക്കുന്നു. സഹ നം അവലംബിക്കുന്നവരുടെ പദവികളിൽ ഉയർച്ചയുണ്ടാ കുന്നു. (മൽഫൂസാത്ത്,വാള്യം 3)

### പരീക്ഷണം വിശ്വാസത്തിന് നിബന്ധന

പരീക്ഷണങ്ങൾ വിശ്വാസത്തിന്റെ നിബന്ധനയാണെന്നു ള്ളത് ഓർത്തുകൊള്ളുക. അതില്ലാതെ വിശ്വാസം പൂർണ മാകുകയില്ല. പരീക്ഷണമില്ലാതെ ഒരു മഹത്തായ അനുഗ്ര ഹവും ലഭ്യമാകുന്നതല്ല. ഭൗതീക അനുഗ്രഹങ്ങളും സുഖ ങ്ങളും ലഭിക്കുന്നതിനായും വിവിധങ്ങളായ പ്രയാസങ്ങ ളും ബുദ്ധിമുട്ടുകളും സഹിക്കേണ്ടി വരുന്നു. വിവിധങ്ങ ളായ പരീക്ഷണങ്ങളിലൂടെ കടന്നു പോകേണ്ടി വരുന്നു. അതിനുശേഷം മാത്രമാണ് വിജയത്തിന്റെ ലക്ഷണങ്ങൾ കാണാൻ തുടങ്ങുന്നത്. എന്നാലും അത് അല്ലാഹുവിന്റെ കാരുണ്യത്താലാണ് ലഭ്യമാകുക. അങ്ങിനെയെങ്കിൽ അല്ലാ ഹുവിനെ പോലെയുള്ള ഏറ്റവും ശ്രേഷ്ഠമായ അനുഗ്രഹം പരീക്ഷണങ്ങൾ കൂടാതെ എങ്ങിനെ ലഭ്യമാകും.

(മൽഫൂസാത്ത്,വാള്യം 3)

### പരീക്ഷണങ്ങളുടെ പര്യവസാനം

അല്ലാഹുവിലേക്ക് വരുന്നവർ എത്രത്തോളം സ്ഥൈര്യം പ്രകടിപ്പിക്കുന്നവരും പരിശ്രമശാലിയാണെന്നുള്ളതും ജന ങ്ങൾക്ക് കാണിച്ചു കൊടുക്കുക എന്നതാണ് പരീക്ഷണ ങ്ങളുടെ ഒരു ലക്ഷ്യം. മർദ്ദനങ്ങൾക്കു മേൽ മർദ്ദനങ്ങൾ ഏറ്റു വാങ്ങുന്നു. എന്നാൽ അല്പം പോലും മുഖം തിരിക്കു ന്നില്ല. അങ്ങിനെ അവർ സ്ഥൈര്യമുള്ളവരായി തെളിയു മ്പോൾ അനുഗ്രഹത്തിന് പാത്രമായവരോടുള്ള തരത്തി ലുള്ള പെരുമാറ്റമായിരിക്കും അവരോടും ഉണ്ടാകുക.

(മൽഫൂസാത്ത്, വാള്യം 4)

വനിതാരംഗം

അബൂ തബസ്സും

# ബേഗം ശഫീഅ് സാഹിബ

**പത്രപ്രവർത്തന രംഗത്തേക്ക്**

ഡൽഹിയിലുള്ള അതി പ്രശസ്തനായ ഒരു പത്ര പ്രവർത്തകനായിരുന്നു ഡോക്ടർ ശഫീഅ് അഹ്മദ് സാഹിബ്. നീണ്ട 28 വർഷത്തോളം അദ്ദേഹം പത്രപ്രവർത്തനരംഗത്ത് മുസ്‌ലിംകൾക്കായി അടരാടി. 1942 ൽ അദ്ദേഹത്തിന്റെ വിയോഗത്തിനു ശേഷം അദ്ദേഹത്തിന്റെ പത്നി ബേഗം ശഫീഅ് സാഹിബ പത്രപ്രവർത്തനരംഗത്തേക്ക് കടക്കുകയും തന്റെ ഭർത്താവിന്റെ ഉദ്യമങ്ങളെ പൂർണ്ണതയിലേക്കെത്തിക്കുന്നതിനായി സധൈര്യം മുന്നോട്ട് വരികയും ചെയ്തു. അന്നേരം അവർക്ക് 6 മാസം മുതൽ 12 വയസു വരെയുള്ള 7 കുട്ടികളാണ് ഉണ്ടായിരുന്നത്. അവരുടെ ഭർത്താവ് 1913 ൽ ആരംഭിച്ച ദസ്ത്ഗാരി എന്ന മാസികയെ അവർ വാരികയാക്കി മാറ്റി. പ്രസ്തുത വാരിക സ്ത്രീകളുടെ മാനസികവും രാഷ്ട്രീയവും സാമൂഹികവുമായ ഉന്നമനത്തിനു വേണ്ടിയുള്ള മദ്ധ്യവർത്തിയായിത്തീർന്നു.

**സാമൂഹിക പ്രവർത്തനങ്ങളിലേക്ക്**

1942 കാലഘട്ടം രാഷ്ട്രീയമായി അത്യന്തം കലുഷിതമായ കാലഘട്ടമായിരുന്നു. ഇന്ത്യൻ മുസ്‌ലിം ലീഗ് പാക്കിസ്ഥാൻ രൂപീകരണത്തിനായുള്ള പ്രമേയം പാസാക്കി കഴിഞ്ഞിരുന്നു. രാജ്യമെമ്പാടും തൽസംബന്ധമായ ചർച്ചകളും പ്രതികരണങ്ങളും നടന്നു കൊണ്ടിരിക്കുകയായിരുന്നു. ആ ഘട്ടത്തിൽ ബേഗം ശഫീഅ് സാഹിബ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ നിർദേശപ്രകാരം മുസ്‌ലിം ലീഗിന് പരിപൂർണ്ണ പിന്തുണ നൽകിയിരുന്നു. അവരുടെ പ്രഭാഷണങ്ങളും രചനകളും സാമൂഹിക തലത്തിലും രാഷ്ട്രീയ തലത്തിലും വലിയ സ്വാധീനം ചെലുത്തി. തൽഫലമായി ബ്രിട്ടീഷ് സർക്കാരോ കോൺഗ്രസോ മുൻ കൈയെടുത്ത് സംഘടിപ്പിച്ചിരുന്ന എല്ലാ പ്രസ്കോൺഫറൻസുകളിലും അവർ ക്ഷണിക്കപ്പെട്ട പ്രതിനിധിയായി. എല്ലാ കോൺഫറൻസുകളിലും അവരുടെ മുഖ്യ അജണ്ട സ്ത്രീകളുടെ സുരക്ഷയും ക്ഷേമവുമായിരുന്നു.

**സർ സ്റ്റാഫോർഡ് മറുപടി പറയുന്നു**

സിംല കോൺഫറൻസിൽ അവർ ഉന്നയിച്ച ചോദ്യങ്ങൾക്ക് സർ സ്റ്റാഫോർഡ് സ്വയം ഉത്തരം നൽകുകയും അത് അന്നത്തെ ഡൽഹിയിലെ പ്രശസ്ത ദിനപത്രമായ ഡോൺ പ്രാധാന്യത്തോടെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. ഒരു അഹ്മദി സ്ത്രീയാണെന്നറിഞ്ഞിട്ടു കൂടി മുഹമ്മദ് അലി ജിന്ന അവരെ വളരെ പ്രശംസിക്കുകയും തന്റെ സമീപത്ത് അവർക്ക് സ്ഥാനം നൽകുകയും ചെയ്തിരുന്നു.

**ആക്ഷേപം ഉന്നയിക്കപ്പെടുന്നു**

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) ഡൽഹിയിൽ തങ്ങിയിരുന്ന സമയത്ത് നിത്യവും മഗ്‌രിബ് ഇശാ നമസ്കാരങ്ങൾക്കു ശേഷം ചോദ്യോത്തര സദസ് സംഘടിപ്പിക്കുമായിരുന്നു. അതിൽ അഹ്മദികളും അനഹ്മദികളും ധാരാളമായി പങ്കെടുക്കുമായിരുന്നു. അത്തരത്തിലുള്ള ഒരു സദസിൽ വെച്ച് ചില അഹ്മദികൾ ബേഗം ശഫീഅ് സാഹിബയെ സംബന്ധിച്ച് ഹുസൂറിന് പരാതി അറിയിച്ചു. അവർ പുരുഷന്മാരുടെ ജോലിയാണ് ചെയ്യുന്നത്, പ്രസ് കോൺഫറൻസുകളിൽ പങ്കെടുന്നു, പത്രങ്ങളിൽ അവരുടെ ഫോട്ടോയും വാർത്തകളും പ്രസിദ്ധീകരിച്ച് വരുന്നു തുടങ്ങിയ പരാതികൾ. ഹുദൂർ തിരുമനസ് അവരോട് ചോദിച്ചു, ബേഗം ശഫീഅ് സാഹിബ പർദ ധരിച്ചാണോ പോകാറുള്ളത്? മറുപടി നൽകി, അതെ. വീണ്ടും ചോദിച്ചു, നിഖാബ് ധരിക്കാറുണ്ടോ? മറുപടി നൽകി, അതെ. അന്നേരം അവിടെ ഒരു ഹിന്ദു പത്രപ്രവർത്തകനും ഉണ്ടായിരുന്നു. അയാൾ ഉടൻ പറഞ്ഞു, പർദയും നിഖാബും മാത്രമല്ല ധരിക്കാറുള്ളത് മറിച്ച്, കൈയുറയും കാലുറയും ധരിച്ചാണ് അവർ പരിപാടികളിൽ പങ്കെ ടുക്കാറുള്ളത്. വളരെ മാന്യവും അഭിമാനത്തോടും കൂടിയാണ് അവർ സംസാരിക്കുന്നത്. തൽഫലമായി അവർക്കെതിരിൽ എന്തെങ്കിലും വ്യർത്ഥമായത് പറയുന്നതിന് ആർക്കും തന്നെ ധൈര്യം ഉണ്ടാകാറില്ല. അപ്പോൾ ഖലീഫത്തുൽ മസീഹ് പറഞ്ഞു, പർദയിൽ നിന്നു കൊണ്ട് മരണപ്പെട്ട തന്റെ ഭർത്താവിന്റെ ഉദ്യമത്തെ സ്ഥിരതയോടു കൂടി മുന്നോട്ടു കൊണ്ടു പോകുന്നതിൽ നിങ്ങൾക്ക് എന്ത് ആക്ഷേപമാണ് ഉള്ളത്?

**ഖാദിയാന്റെ സംരക്ഷണത്തിനായി**

ഇന്ത്യാ പാക്ക് വിഭജനകാലം ഭയാനകമായ കലാപങ്ങൾ അരങ്ങേറിയ കാലമായിരുന്നു. എങ്ങും രക്തച്ചൊരിച്ചിലും അസമാധാനവും മാത്രമായിരുന്നു. മുസ്‌ലിംകളുടെ സംരക്ഷണത്തിനായി സർവതും ശ്രമിക്കുന്നതാണെന്ന് ജവഹർലാൽ നെഹ്റു വാഗ്ദാനം നൽകി. തൽസംബന്ധമായി നടത്തിയ പ്രസ് കോൺഫറൻസിൽ ബേഗം സാഹിബ നെഹ്റുവിനോട് മുസ്‌ലിംകളുടെ വിശുദ്ധ സ്ഥലങ്ങളുടെ സംരക്ഷണാർത്ഥം എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് ചോദിച്ചു. ഉചിതമായ എല്ലാ നടപടികളും സ്വീകരിച്ചിരിക്കുന്നു എന്ന് മറുപടി പറഞ്ഞു. അവർ പറഞ്ഞു, ഖാദിയാനിലെ അവസ്ഥ വളരെ മോശമാണ്. നെഹ്റു പറഞ്ഞു, ഖാദിയാനിൽ ശാന്തിയും സമാധാനവുമാണ്. അവിടെ നിന്ന് മടങ്ങിയതിനു ശേഷം അവർ ഖാദിയാനിലേക്ക് ഫോൺ ചെയ്ത് അവസ്ഥകൾ ആരാഞ്ഞു. ഖലീഫ സാനി(റ) നോട് നെഹ്റുവിന്റെ മറുപടിയും പറഞ്ഞു. അപ്പോൾ ഖലീഫ സാനി(റ) പറഞ്ഞു, ഇവിടുത്തെ പോലെയുള്ള ശാന്തിയും സമാധാനവും താങ്കളുടെ വീട്ടിലും ഉണ്ടാകട്ടെ എന്നുള്ള എന്റെ സന്ദേശം അദ്ദേഹത്തെ അറിയിക്കുക.

ഡൽഹി നഗരത്തിൽ നിന്ന് കർഫ്യൂ മാറ്റിയ ഉടൻ തന്നെ തന്റെ ജീവൻ പോലും വകവെക്കാതെ അവർ ഒരു കുതിരവണ്ടിയിൽ നെഹ്റുവിന്റെ അടുക്കലേക്ക് യാത്ര തിരിച്ചു. വളരെ ദുഷ്കരമായ യാത്രക്കൊടുവിൽ അവർ നെഹ്റുവിന്റെ അടുക്കൽ എത്തിച്ചേർന്നു. എന്നാൽ അവരെ അകത്തേക്ക് കടത്തിവിടാൻ തയ്യാറല്ലായിരുന്ന കാവൽക്കാരനോട് താൻ ബലം പ്രയോഗിച്ച് അകത്തു കടക്കുന്നതാണെന്ന് അവർ ഉച്ചത്തിൽ പറഞ്ഞു. അത് കേട്ട് ഇറങ്ങി വന്ന നെഹ്റു ബേഗം സാഹിബയെ അകത്തേക്ക് കടത്തി വിടുക എന്ന് കല്പിച്ചു. അവിടെ എത്തി അവർ ഖലീഫ സാനി(റ) ന്റെ സന്ദേശം അദ്ദേഹത്തിന് നൽകി. അപ്പോൾ അദ്ദേഹം പറഞ്ഞു, ഞാൻ ഖാദിയാന്റെ സംരക്ഷണത്തിനായി ഉടൻ സൈന്യത്തെ അയക്കുന്നതാണ്.

**പാക്കിസ്ഥാനിൽ**

വിഭജനശേഷം പാക്കിസ്ഥാനിൽ എത്തിയ അവർ ലാഹോറിൽ പ്രസ് ആരംഭിച്ചു കൊണ്ട് തന്റെ ഉദ്യമത്തിൽ തുടർന്നു.

**സേവനങ്ങൾ**

1953 ൽ ജമാഅത്തിന് എതിരായി പ്രക്ഷോഭം ഉണ്ടാകുകയും അൽഫദ്ൽ പത്രം നിരോധിക്കുകയും ചെയ്തു. പിന്നീട് വിലക്ക് മാറിയപ്പോൾ ഒരു പ്രസും അത് പ്രസിദ്ധീകരിക്കാൻ തയ്യാറായില്ല, അന്നേരം ബേഗം ശഫീഅ് സാഹിബ തന്റെ പ്രസിൽ നിന്ന് അത് പ്രസിദ്ധീകരിക്കുകയുണ്ടായി. അവരുടെ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളിൽ ആകർഷിതനായ പഞ്ചാബ് ഗവർണർ അവരെ തടവുസ്ത്രീകളുടെ സംരക്ഷ ണ കമ്മിറ്റിയിൽ അംഗമാക്കി. 1953 ൽ പഞ്ചാബിൽ നാശകാരിയായ പ്രളയം ഉണ്ടായപ്പോൾ അവർ സാധ്യമായ എല്ലാ സഹായസഹകരണങ്ങളും നൽകി. പല തവണ അവർക്ക് സർക്കാരിൽ നിന്ന് നിരവധി ബഹുമതികൾ ലഭിച്ചു. 1961 ൽ നടന്ന കോമൺവെൽത്ത് കോൺഫറൻസിലും അവർ പങ്കെടുത്തിരുന്നു.

*(അവ: മുഹ്സിനാത്ത്,*
*ലജ്ന ഇമാഇല്ലാഹ് കറാച്ചി)*

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

**ശതാബ്ദം**
**1913– ജൂൺ**
**എസ്.**

സാഹിബ് സാദാ ഹദ്റത് മിർസാ ബശീറുദ്ദീൻ സാഹിബ്, ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ ന്റെ നിർദ്ദേശപ്രകാരം അൽ ഫദ്ൽ എന്ന പത്രം ആരംഭിച്ചു. അൽ ഫദ്ൽ എന്ന പേര് നിർദ്ദേശിച്ചത് ഖലീഫത്തുൽ മസീഹ് തന്നെയായിരുന്നു.

ഹദ്റത് സാഹിബ് സാദാ ബശീറുദ്ദീൻ സാഹിബ് ആദ്യത്തെ എഡിറ്ററായി.

പ്രകാശം ചൊരിയുന്ന നക്ഷത്രങ്ങൾ

അസ്ഹാബീ കന്നുജൂമി
ബിഅയ്യിഹും ഇഖ്ത്തദയ്തും ഇഹ്തദയ്തും

എന്റെ സഹാബാക്കൾ നക്ഷത്രങ്ങൾ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിന്തുടർന്നാലും സന്മാർഗ്ഗം പ്രാപിക്കുന്നതാണ്. *(ഹദീസ് മിശ്ക്കാത്ത്)*

# ഹദ്റത് ഉബയ്യ് (റ) ഇബ്നു കഅബ്

**വംശാവലി:** അൻസാരി ഗോത്രമായ ഖസ്റജിന്റെ ശാഖയായ ജനൂനജ്ജാർ വംശജൻ. അബുൽ മുൻസിർ, അബുത്തുഫൈൽ എന്നീ സ്ഥാനപ്പേരുകളിൽ പ്രശസ്തൻ.

**ഇസ്ലാം ആശ്ലേഷണം**

രണ്ടാം ഉഖ്ബയുടെ ചരിത്ര മുഹൂർത്തത്തിൽ ബയ്അത്ത് ചെയ്ത് മുസ്ലിം ആകുന്നതിനുള്ള തൗഫീഖ് ലഭിച്ചു. ഹിജ്റത്തിനു ശേഷം നബി തിരുമേനി (സ) യോടൊപ്പം നിരന്തരമായ സഹവാസത്തിനുള്ള ഭാഗ്യം ലഭിച്ചു. എഴുത്തും വായനവും അപ്രസക്തമായിരുന്ന അക്കാലത്ത് ഉബയ്യ് (റ) എഴുത്തിൽ അഗ്രഗണ്യനായിരുന്നു. അക്കാരണത്താൽ ഹിജ്റത്തിന് ശേഷം വിശുദ്ധ ഖുർആൻ എഴുതുന്നതിന് ഏൽപ്പിക്കപ്പെട്ടവരിൽ പ്രഥമ സ്ഥാനം ഉബയ്യ് (റ) നാകുന്നു.

**യുദ്ധങ്ങളിൽ**

ബദ്ർ, ഖന്തക്ക് തുടങ്ങിയ എല്ലാ യുദ്ധങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം ലഭിച്ചിട്ടുണ്ട്. അഹ്സാബ് യുദ്ധവേളയിൽ അദ്ദേഹത്തിന് മാരകമായ മുറിവ് പറ്റുകയും തൽഫലമായി ഞരമ്പ് മുറിയുകയും ചെയ്തു. അന്നേരം നബി (സ) അദ്ദേഹത്തെ ശുശ്രൂഷിക്കുകയും മുറിവ് ഭേദമാകുകയും ചെയ്തു. എഴുത്തുകാരൻ എന്ന നിലയിൽ നബി (സ) യുടെ സഹവാസം എപ്പോഴും ലഭിച്ചിരുന്ന കാരണത്താൽ ഒട്ടുമിക്ക സംഭവങ്ങൾക്കും സാക്ഷിയാകുന്നതിനുള്ള അവസരവും അദ്ദേഹത്തിന് ലഭിച്ചിരുന്നു.

**ഖുർആൻ ഖാരി**

നബി (സ) തിരുമേനിയുടെ സഹവാസത്തിൽ നിന്നും അദ്ദേഹത്തിന് ലഭിച്ച ഏറ്റവും അമൂല്യമായ നിധി വിശുദ്ധ ഖുർആൻ പഠിക്കാനും എഴുതാനും മനപ്പാഠമാക്കാനും സാധിച്ചു എന്നുള്ളതാണ്. നബിതിരുമേനി (സ) അദ്ദേഹത്തിന് ഏറ്റവും നല്ല ഖാരി (അക്ഷരശുദ്ധിയോടെ ഓതുന്ന ആൾ) എന്ന ബഹുമതി നൽകിയിരുന്നു.

**അല്ലാഹുവിന്റെ സാക്ഷ്യം**

ഒരിക്കൽ നബി (സ) തിരുമേനി ഉബയ്യ് (റ) നോട് പറഞ്ഞു, സൂറ ബയ്യിന താങ്കളെ ഓതിക്കേൾപ്പിക്കാൻ അല്ലാഹു എന്നോട് കല്പിച്ചിരിക്കുന്നു. അൽഭുതത്താലും സന്തോഷത്താലും അദ്ദേഹം ചോദിച്ചു, അല്ലാഹു എന്റെ പേരെടുത്താണോ പറഞ്ഞത്? നബി (സ) പറഞ്ഞു, അതെ. ജിബ്രീൽ എന്നോട് പറഞ്ഞത്, താങ്കളുടെ നാഥന്റെ കല്പന താങ്കൾ ഈ സൂറത്ത് ഉബയ്യിബ്നു കഅബിനെ ഓതിക്കേൾപ്പിക്കുക എന്നാണ്. അത് കേട്ടപ്പോൾ അദ്ദേഹത്തിൽ കണ്ണുകളിൽ നിന്ന് സന്തോഷാശ്രുക്കൾ പോഴിയാൻ തുടങ്ങി. തുടർന്ന് നബി (സ) അദ്ദേഹത്തെ അത് ഓതിക്കേൾപ്പിച്ചു. മറ്റൊരു രിവായത്ത് അനുസരിച്ച് നബി (സ) വഫാത്തായ വർഷം അല്ലാഹുവിന്റെ കല്പന പ്രകാരം മുഴുവൻ ഖുർആനും അദ്ദേഹത്തിന് ഓതിക്കേൾപ്പിച്ചു.

**പരീക്ഷയിൽ വിജയം**

ഒരിക്കൽ നബി (സ) അദ്ദേഹത്തോട് ചോദിച്ചു, വിശുദ്ധഖുർആനിലെ ഏത് സൂക്തമാണ് ഏറ്റവും മഹത്തരമായ വചനം? അദ്ദേഹം പറഞ്ഞു, അല്ലാഹുവിനും അവന്റെ ദൂതനും അറിയാം. നബി (സ) വീണ്ടും വീണ്ടും ചോദ്യം ആവർത്തിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, ആയത്തുൽ കുർസിയാണ് വിശുദ്ധ ഖുർആനിലെ ഏറ്റവും മഹത്തായ സൂക്തം. നബി (സ) പറഞ്ഞു. അല്ലയോ ഉബയ്യ്! അല്ലാഹു താങ്കളുടെ അറിവിൽ അനുഗ്രഹം ചൊരിയട്ടെ. ആയത്തുൽ കുർസി തന്നെയാണ് വാസ്തവത്തിൽ വിശുദ്ധഖുർആനിലെ ഏറ്റവും മഹത്തായ ആയത്ത്.

**അനുസരണ**

ഒരിക്കൽ നബി(സ) അദ്ദേഹത്തിന്റെ വീട്ടിൽ വന്ന് അദ്ദേഹത്തെ വിളിച്ചു. അന്നേരം ഉബയ്യ് (റ) നമസ്കരിക്കുകയായിരുന്നു. വിളികേട്ട ഉടൻ അദ്ദേഹം നമസ്കാരം ചുരുക്കി അനുഷ്ഠിച്ച് വേഗം പുറത്ത് വന്നു. നബി (സ) ചോദിച്ചു എന്താണിത്ര താമസിച്ചത്? അദ്ദേഹം പറഞ്ഞു, ഞാൻ നമസ്കരിക്കുകയായിരുന്നു. അപ്പോൾ നബി (സ) പറഞ്ഞു, അല്ലാഹുവും അവന്റെ റസൂലും നിങ്ങളെ വിളിക്കുമ്പോൾ ഉടൻ ഉത്തരം നൽകണമെന്ന് താങ്കൾ വിശുദ്ധഖുർആനിൽ വായിച്ചിട്ടില്ലേ? അത് കേട്ടപ്പോൾ അദ്ദേഹം പറഞ്ഞു, ഞാൻ ക്ഷമ ചോദിക്കുന്നു. മേലിൽ അത് ആവർത്തിക്കുന്നതല്ല.

**മഴ മടങ്ങുന്നു**

ഒരിക്കൽ അദ്ദേഹവും ഉമർ(റ) ഒരു സംഘത്തോടൊപ്പം യാത്രയിലായിരുന്നു. അവർ യാത്രാസംഘത്തിൽ ഏറ്റവും പിന്നിലായിരുന്നു. പെട്ടെന്ന് ആകാശത്ത് കാർ മേഘം ഉരുണ്ടു കൂടാൻ തുടങ്ങി. ഉടൻ തന്നെ ഉബയ്യ് (റ) ഇങ്ങനെ ദുആ ചെയ്തു, അല്ലാഹുവെ! ഈ മഴയുടെ പ്രയാസങ്ങളിൽ നിന്ന് ഞങ്ങളെ സംരക്ഷിക്കണെ. ഹദ്റത് ഉമർ (റ) പറയുന്നു, ഞങ്ങൾ യാത്രാ സംഘത്തിന്റെ മുന്നിലെത്തിയപ്പോൾ അവരുടെ വസ്ത്രങ്ങൾ നനഞ്ഞിരിക്കുന്നതായി കണ്ടു. നിങ്ങൾ എന്ത് കൊണ്ട് നനഞ്ഞില്ല എന്ന് അവർ ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു, ഹദ്റത് ഉബയ്യിന്റെ ദുആയുടെ അനുഗ്രഹത്താൽ.

**പനിക്ക് വേണ്ടി ദുആ**

ഒരിക്കൽ ഹദ്റത് ഉബയ്യ് (റ) നബി (സ)യോട് ചോദിച്ചു, പനി പോലുള്ള പ്രയാസങ്ങൾ വരുമ്പോൾ വിശ്വാസിക്ക് എന്ത് പ്രതിഫലമാണ് ലഭിക്കുക? നബി (സ) പറഞ്ഞു, നന്മയുടെ രൂപത്തിൽ പ്രതിഫലം ലഭിക്കുന്നു. അതു കേട്ടപ്പോൾ ഉബയ്യ് (റ) ഇങ്ങനെ ദുആ ചെയ്തു, അല്ലാഹുവെ! നിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നതിനും, ബൈത്തുല്ലായിലും പള്ളിയിലും പോകുന്നതിനും തടസ്സമാകാത്ത തരത്തിലുള്ള പനി എനിക്ക് നൽകേണമെ. അതിനെ തുടർന്ന് എപ്പോഴും അദ്ദേഹത്തിന് പനിക്കാറുണ്ടായിരുന്നു എന്ന് ഹദീസുകളിൽ കാണുന്നു.

**സത്യസന്ധത**

നബി(സ) ഒരിക്കൽ അദ്ദേഹത്തെ സക്കാത്ത് പിരിക്കുന്നതിനായി അയച്ചു. മടങ്ങി വരുന്ന വഴിയിൽ അദ്ദേഹം ഒരു ആത്മാർത്ഥ മുസ്ലിമിനെ കണ്ടുമുട്ടി. അയാളുടെ എല്ലാ ഒട്ടകങ്ങളെയും ഉൾപ്പടുത്തി ഒരു വയസ്സുള്ള ഒരു പെൺ ഒട്ടകം സദഖയായി നൽകണമായിരുന്നു. അദ്ദേഹം അത് ചോദിച്ചു. അപ്പോൾ അയാൾ പറഞ്ഞു. ഒരു വയസ്സുള്ള ഒട്ടകത്തെ എന്തു ചെയ്യാനാണ്. ഞാനതിനു പകരം നല്ല ഒരു ഒട്ടകത്തെ തരുന്നതാണ്. എന്നാൽ ഹദ്റത് ഉബയ്യ് (റ) പറഞ്ഞു, ഞാൻ കണക്കിലധികം സക്കാത്ത് സ്വീകരിക്കുന്നതല്ല. ആ വ്യക്തിയും തന്റെ അഭി പ്രായത്തിൽ ഉറച്ചു നിന്നു. അവസാനം നബി (സ) യുടെ പക്കൽ വരികയും നബി (സ) ആ വ്യക്തിയിൽ നിന്ന് ഒട്ടകത്തെ സ്വീകരിക്കുകയും ചെയ്തു.

**ഖുർആൻ ക്രോഡീകരണം**

ഹദ്റത് അബൂബക്കർ (റ) ന്റെ ഖിലാഫത്ത് കാലത്ത് വിശുദ്ധഖുർആൻ ക്രോഡീകരിക്കുന്നതിനായി നിയമിച്ച സംഘത്തിൽ അദ്ദേഹവും ഉൾപ്പെട്ടിരുന്നു. അങ്ങിനെ വിശുദ്ധഖുർആൻ ക്രോഡീകരണത്തിൽ അദ്ദേഹത്തിന് ഗണ്യമായ പങ്ക് വഹിക്കാനുള്ള അവസരം ലഭിച്ചു.

**തറാവീഹിൽ ഇമാമാകുന്നു**

ആദ്യകാലഘട്ടത്തിൽ സഹാബാക്കൾ റമദാൻ മാസത്തിൽ ചെറിയ ചെറിയ സംഘങ്ങളായി നമസ്കരിച്ചിരുന്നത്. അത് കണ്ട ഹദ്റത് ഉമർ (റ) അവരെയെല്ലാം ഒരുമിച്ച് കൂട്ടി ഹദ്റത് ഉബയ്യ് (റ) ഇമാമത്തിൽ അദ്ദേഹത്തിന്റെ ഖുർആൻപാരായണം കേട്ടു കൊണ്ട് നമസ്കരിക്കുന്നതാണ് ഉത്തമം എന്ന് മനസ്സിലാക്കി. അങ്ങനെ ജമാഅത്തായി തറാവീഹ് നമസ്കാരം ആരംഭിക്കുകയും ഹദ്റത് ഉബയ്യ്(റ) നെ ഇമാമായി നിശ്ചയിക്കുകയും ചെയ്തു.

**വഫാത്ത്**

ഹദ്റത് ഉസ്മാൻ(റ) ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഹിജ്റ 30-ാം വർഷം അദ്ദേഹം വഫാത്തായി.

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

# വാർദ്ധക്യത്തെ മനോഹരമാക്കുക

ഇസ്‌ലാമിക അദ്ധ്യാപനങ്ങളും സ്വഭാവങ്ങളും പ്രാവർത്തികമാക്കുന്നത് ആരംഭത്തിൽ കയ്പേറിയതായി അനുഭവപ്പെടുമെങ്കിലും അതിന്റെ ഫലം മാധുര്യമേറിയതാണ്. സ്വന്തം സ്വഭാവങ്ങളിൽ പരിവർത്തനം ഉണ്ടാക്കുകയും,തങ്ങളുടെ യൗവനകാലം ഇസ്‌ലാമിന്റെ നിറത്തിൽ ചാലിക്കുന്നതിന് പരിശ്രമിക്കുകയും ചെയ്യേണ്ടതാണെന്ന് ഞാൻ എന്റെ ജമാഅത്തിലെ യുവതലമുറയെ ഉപദേശിക്കുകയാണ്. അഥവാ ഇപ്പോൾ അവർ തങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കുകയാണെങ്കിൽ, തങ്ങളുടെ സ്വഭാവങ്ങളെ സംസ്കരിക്കുകയാണെങ്കിൽ, തങ്ങളുടെ യൗവനകാലം ഇസ്‌ലാമിക അദ്ധ്യാപനങ്ങൾക്ക് അനുഗുണമായി കഴിച്ചുകൂട്ടുകയാണെങ്കിൽ അവരുടെ വാർദ്ധക്യകാലം വളരെ മനോഹരമായിരിക്കും. അങ്ങനെ തങ്ങളുടെ ജീവിതാന്ത്യനാളുകളിൽ ദൈവീകാരാധനകളിൽ പരിപൂർണമായ സംതൃപ്തിയോടും സമാധാനത്തോടും കഴിച്ചു കൂട്ടുന്നതാണ്.

എന്നാൽ ഇപ്പോൾ സ്വന്തം വികാരങ്ങളെ നിയന്ത്രിക്കാതെ തങ്ങളുടെ യൗവനകാലം ഇസ്‌ലാമിക അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമായി കഴിച്ചു കൂട്ടുകയാണെങ്കിൽ അവരുടെ വാർദ്ധക്യകാലം ആരാധനകളുടെതായിരിക്കില്ല. മറിച്ച്, ശൈത്വാനുമായുള്ള പോരിൽ തങ്ങളുടെ അന്ത്യനാളുകൾ പാഴാക്കികളയുന്നതാണ്. മനുഷ്യൻ യൗവനത്തിൽ ചെയ്യുന്ന പല കർമങ്ങൾ കാരണമായി വാർദ്ധക്യത്തിൽ വ്യസനിക്കേണ്ടി വരുന്നു. ഞാൻ അങ്ങിനെ ചെയ്തില്ലായിരുന്നുവെങ്കിൽ എന്ന് പറയും. എന്നാൽ അപ്പോഴേക്കും അത് ശീലമായി ക്കഴിഞ്ഞിട്ടുണ്ടാകും. പരിശ്രമിച്ചാലും ആഗ്രഹിച്ചാലും ആ ശീലങ്ങളെ ഉപേക്ഷിക്കാൻ അവർക്ക് സാധ്യമാകില്ല.

മരണം അടുത്ത് വരുന്നത് അവർ കാണുന്നു. പ്രായം ഏറി വരുന്നു. ജീവിതത്തിന്റെ നാളുകൾ വളരെ കുറച്ച് മാത്രം ശേഷിക്കുമ്പോൾ തന്റെയുള്ളിൽ ഇന്ന തിന്മ ഉണ്ടെന്ന് അവൻ കാണുന്നു. അത് ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങിയതായി അവൻ മനസ്സിലാക്കുന്നു. അപ്പോൾ അല്ലാഹുവിലേക്ക് ശ്രദ്ധിക്കാതെ ശയ്ത്വാനുമായി പോരാടിക്കൊണ്ട് തന്റെ അവസാന നാളുകൾ അവൻ കഴിച്ചു കൂട്ടുന്നു. ആകയാൽ നിങ്ങൾ സ്വന്തം യൗവനകാലം ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ കഴിച്ചു കൂട്ടുക. നിങ്ങൾ അമിതാവേശത്താൽ അനാവശ്യമായ മുതലെടുപ്പുകൾ നടത്താതിരിക്കുക. മറിച്ച്, നിങ്ങളുടെ എല്ലാ കഴിവുകളും അവസരോചിതമായ നിലയിൽ വിനിയോഗിച്ചു കൊണ്ട് ശരിയായ രീതിയിൽ പ്രയത്നിക്കുക. അഥവാ നിങ്ങൾ നിങ്ങളുടെ കഴിവുകളിൽ നിന്നും ശരിയായ രീതിയിൽ പ്രയോജനമെടുക്കുകയാണെങ്കിൽ ഓർത്തു കൊള്ളുക, പുഴയിൽ നിന്നും അരുവികൾ ഒഴുകിക്കൊണ്ട് വിശാലമായ ഭൂസ്ഥലങ്ങളെ ഹരിതാഭവും ഫലദായകവുമാക്കുന്നത് പോലെ നിങ്ങൾ മാനവരാശിക്ക് ഗുണം ചെയ്യുന്നവരാകും. എന്നാൽ നിങ്ങൾ നിങ്ങളുടെ കഴിവുകളെ അനുവദനീയമല്ലാത്ത മുതലെടുപ്പുകൾക്കായി വിനിയോഗിക്കുകയാണെങ്കിൽ, സിന്ധു നദിയിലെ പ്രളയം ജില്ലകളായ ജില്ലകളെ നശിപ്പിച്ചതു പോലെ നിങ്ങൾ ലോകത്തിന്റെ ശാന്തിയെ നശിപ്പിക്കുന്നവരായി മാറുന്നതാണ്. മനുഷ്യന് അല്ലാഹു നൽകിയിരിക്കുന്ന കഴിവുകളും ശക്തികളും ഒരു പുഴയെ പോലെയാകുന്നു. അഥവാ ഈ കഴിവുകൾ ശരിയായ നിലയിൽ വിനിയോഗിക്കുകയാണെങ്കിൽ അത് അരുവികളെ പോലെ മാനവർക്ക് ഗുണദായകമാകുന്നതാണ്. എന്നാൽ അതിനെ കെട്ടഴിച്ച് വിടുകയാണെങ്കിൽ നാശം വിതക്കുന്ന തിരമാലകളെ പോലെ ചുറ്റുപാടുമുള്ള എല്ലാത്തിനെയും ശൂന്യമാക്കുന്നതാണ്.

## ഖാദിംകളോട്

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)



(മശ്അലെ രാഹ്: വാല്യം 1)

(സമ്പാ:ടി.അമീറുദ്ദീൻ സാജിദ്,മുവ്വാറ്റുപുഴ)

**Love For All**
**Hatred For None**

പുണ്യാത്മാക്കൾ

# ഹദ്റത് ഖലീഫ നൂറുദ്ദീൻ സാഹിബ് ജമൂനി (റ)

**കുടുംബ പശ്ചാത്തലം:** പിതാവ് മുഅസ്സമുദ്ദീൻ ഗുജറാത്തിലെ ഒരു പള്ളിയിൽ ഇമാമായിരുന്നു. തനിക്കൊരു മകനുണ്ടാകുകയാണെങ്കിൽ അവന് വായിച്ചു പഠിക്കുന്നതിനായി അദ്ദേഹം ധാരാളം ഗ്രന്ഥങ്ങൾ സ്വരുക്കൂട്ടിയിരുന്നു.

**ജനനം:** 1851–52 കാലഘട്ടത്തിലാണ് ജനനം.

**വിദ്യാഭ്യാസം:** 6 വയസ്സിനുള്ളിൽ തന്നെ പിതാവിൽ നിന്ന് വിശുദ്ധ ഖുർആനും, ചെറിയ ചെറിയ മസ്അലകളും. അറബി വ്യാകരണത്തിന്റെ പ്രാഥമിക പാഠങ്ങളും പഠിച്ചു. പിന്നീട് സമീപത്തെവിടെയെങ്കിലും ഏതെങ്കിലും പ്രശസ്ത പണ്ഡിതൻ ഉണ്ടെന്നറിഞ്ഞാൽ അവിടെ എത്തി അറബി, ഫാർസിഫിഖ്ഹ, ഹദീസ് എന്നിവ അഭ്യസിച്ചിരുന്നു. പഠനത്തിനായി ആദ്യം കാൺപൂരിലേക്കും പിന്നീട് ഭൈരയിൽ ഹദ്റത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ പക്കലേക്കുമാണ് വന്നത്.

**മൗലവി നൂറുദ്ദീൻ സാഹിബിന്റെ ശിഷ്യൻ**

മക്കയിൽ ഹദീസ് പഠിപ്പിക്കുന്ന ഒരു പണ്ഡിതൻ ഭൈരയിലുണ്ടെന്നറിഞ്ഞതു മുതൽ അദ്ദേഹത്തിന്റെ ശിഷ്യനാകാൻ ആഗ്രഹിച്ചു. മൗലവി സാഹിബ് മക്കയിൽ നിന്നും മടങ്ങി വന്നു എന്നറിഞ്ഞപ്പോൾ ഉടൻ തന്നെ കാൽനടയായി ഭൈരയിലെത്തി. മൗലവി സാഹിബ് അദ്ദേഹത്തെ അവിടുത്തെ അഹ്‌ലെ ഹദീസ് പള്ളിയിലെ ഇമാമാക്കി. അതോടൊപ്പം അദ്ദേഹത്തെ പഠിപ്പിക്കാനും തുടങ്ങി.

**പഠിത്തത്തോടൊപ്പം വൈദ്യവും**

മൗലവി സാഹിബിന്റെ പക്കൽ ധാരാളം രോഗികൾ മരുന്നിനായി എത്തുമായിരുന്നു. ഹദീസ് പഠനം ആരംഭിച്ച് രണ്ടോ മൂന്നോ ഹദീസ് പഠിക്കുമ്പോഴേക്കും രോഗികൾ എത്തിച്ചേരും. പിന്നീട് ആ രോഗികൾക്കായി മരുന്ന് കുറിപ്പടി എഴുതുന്നതും പിന്നീട് അവർക്ക് മരുന്ന് നൽകുന്ന ജോലിയും അദ്ദേഹത്തിനായിരിക്കും. വീണ്ടും പഠിത്തം തുടങ്ങുമ്പോഴേക്കും പിന്നെയും രോഗികളെത്തും. വീണ്ടും മരുന്നെഴുത്തും വിതരണവും. അങ്ങിനെയായിരുന്നു പഠിത്തം മുന്നോട്ട് പോയിരുന്നത്.

**ഭൈരയിലെ ജീവിതം**

10,12 വർഷം അദ്ദേഹം ഭൈരയിൽ കഴിച്ചു കൂട്ടി. മൗലവി സാഹിബ് അദ്ദേഹത്തെ ഹദീസും വൈദ്യവും, ഫാർസിയുമെല്ലാം പഠിപ്പിച്ചു. പിന്നീട് മൗലവി സാഹിബ് അദ്ദേഹത്തെ ഭൈരയിൽ നിന്നു തന്നെ വിവാഹം കഴിപ്പിച്ചു.

**ജമ്മുവിലേക്ക്**

മൗലവി ഹക്കീം സാഹിബ് ജമ്മുകൊട്ടാര വൈദ്യനായി നിയമിതനായപ്പോൾ ഖലീഫ നൂറുദ്ദീൻ സാഹിബും മൗലവി സാഹിബിനോടൊപ്പം ജമ്മുവിലേക്ക് പോയി.

**ഖലീഫ എന്ന വിളിപ്പേര് ലഭിക്കുന്നു**

ജമ്മുവിൽ അവർ രാജകുടുംബം താമസിക്കുന്നതിന് സമീപത്തായിരുന്നു തങ്ങിയിരുന്നത്. അക്കാലത്ത് ജമ്മുവിൽ ബാങ്ക് വിളിക്കുന്നത് വിലക്കിയിരുന്നു. താമസത്തിനടുത്തുള്ള ഒരു ഉദ്യാനത്തിലായിരുന്നു അവർ രണ്ടു പേരും ജമാഅത്തായി നമസ്കാരമനുഷ്ഠിച്ചിരുന്നത്. അവിടെയും മൗലവി സാഹിബ് അദ്ദേഹത്തെയായിരുന്നു ഇമാമായി നിയമിച്ചത്. ഒരിക്കൽ അദ്ദേഹം ആവേശത്താൽ ഉറക്കെ ബാങ്ക് വിളിച്ചു. രാജാവ് മൗലവി സാഹിബിനെ കൊട്ടാരത്തിൽ വിളിച്ചു വരുത്തി ചോദിച്ചു; മൗലവി സാഹിബ്, താങ്കളുടെ ഖലീഫ ബാങ്ക് വിളിച്ചു. അതിൽ ഹയ്യ അലസ്വലാത്ത് എന്ന് പറയുന്നതിന്റെ അർത്ഥം നമസ്കാരത്തിലേക്ക് വരിക എന്നല്ലേ. അപ്പോൾ തിരുവചനമായ ആ കല്പനയെ നിരാകരിച്ചാൽ പാപിയാകും. ഇവിടുത്തെ ജനങ്ങൾ സാധുക്കളാണ്. അവരെ പാപികളാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിനാലാണ് ബാങ്ക് വിളിക്കുന്നത് വിലക്കിയിരിക്കുന്നത്. ഏതായാലും ആ സംഭവത്തിന് ശേഷം എല്ലാവരും അദ്ദേഹത്തെ ഖലീഫ എന്ന് വിളിക്കാൻ തുടങ്ങി.

**മസീഹ് മൗഊദ് (അ) കുറിച്ച് അറിയുന്നു**

ഏതെങ്കിലും പണ്ഡിതൻ വഫാത്തായാൽ മൗലവി സാഹിബ് അദ്ദേഹത്തോട് ആ വിവരം പറയുമായിരുന്നു. ഒരിക്കൽ അദ്ദേഹം ചോദിച്ചു, താങ്കൾ എപ്പോഴും പണ്ഡിതന്മാരുടെ മരണ വിവരം മാത്രമേ പറയാറുള്ളു. അവരുടെ ജനനത്തെ കുറിച്ച് എന്തു കൊണ്ട് പറയുന്നില്ല? കുറച്ചു നാൾക്കു ശേഷം മൗലവി സാഹിബ് വളരെ സന്തോഷത്തോടു കൂടി അദ്ദേഹത്തോട് പറഞ്ഞു, താങ്കളുടെ പരാതി ഞാൻ തീർക്കുകയാണ്. ഖാദിയാൻ എന്ന സ്ഥലത്ത് ഒരു സാത്വികൻ ജന്മം കൊണ്ടിരിക്കുന്നു. അദ്ദേഹം ഇസ്‌ലാമിന്റെ പ്രതിരോധത്തിനായി സാഹിത്യങ്ങൾ പ്രസിദ്ധീകരിക്കുന്നു.

**ബയ്അത്ത്**

ഹദ്റത് മസീഹ് മൗഊദ് (അ) 1888 ജനുവരി 17 ന് ജമ്മുവിൽ മൗലവി സാഹിബിന്റെ ശുശ്രൂഷക്കായി എത്തിയപ്പോൾ മൗലവി സാഹിബിന്റെ ഭവനത്തിലാണ് തങ്ങിയത്. അവിടെ വെച്ചാണ് അദ്ദേഹം മസീഹ് മൗഊദ് (അ) നെ കാണുന്നത്. പിന്നീട് 1891 ഡിസംബർ 27 ന് ഖാദിയാനിലെത്തി അദ്ദേഹം ബയ്അത്ത് ചെയ്തു.

**ചരിത്രത്തിൽ**

• 1891 ൽ നടന്ന ജമാഅത്തിന്റെ ആദ്യ ജൽസ സാലാനയിൽ പങ്കെടുക്കുന്നതിന് അദ്ദേഹത്തിന് അവസരം ലഭിച്ചു.• 1892 ജൂണിൽ അമൃത്സറിൽ പാതിരി അബ്ദുല്ലാ ആഥവുമായി നടന്ന മുബാഹലയുടെ കാര്യങ്ങൾ തീരുമാനിക്കുന്നതിനായി അദ്ദേഹത്തെയാണ് അയച്ചത്.• മുബാഹലയിൽ ചോദ്യങ്ങൾക്കുള്ള മറുപടി എഴുതേണ്ടുന്ന ചുമതല അദ്ദേഹത്തിനായിരുന്നു. •1896ൽ ലാഹോറിൽ നടന്ന സർവമത സമ്മേളനത്തിലും പങ്കെടുക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. • സിയാൽക്കോട്ട് ലാഹോർ എന്നിവിടങ്ങളിൽ മസീഹ് മൗഊദ് (അ) പ്രഭാഷണങ്ങൾ നടത്തിയപ്പോഴും അദ്ദേഹം സന്നിഹിതനായിരുന്നു.

**ഈസാ (അ) ന്റെ ഖബർ കണ്ടെത്തുന്നു**

അദ്ദേഹം ശ്രീനഗറിലുള്ള സമയത്ത് ഖാൻയാറിലുള്ള ഖബറിനെ സംബന്ധിച്ച് അറിയാൻ കഴിഞ്ഞു. പിന്നീടദ്ദേഹം അത് മൗലവി സാഹിബിനെ അറിയിച്ചു. ഖാദിയാനിൽ ഒരിക്കൽ മസീഹ് മൗഊദ് (അ) ഈസാ നബി (അ) നെ കുറിച്ച് പരാമർശിച്ചു കൊണ്ടിരുന്ന അവസരത്തിൽ മൗലവി സാഹിബ് ഖലീഫ നൂറുദ്ദീൻ സാഹിബിന്റെ കാര്യവും ഖബറിന്റെ കാര്യവും പറഞ്ഞു. മസീഹ് മൗഊദ് (അ) ഉടൻ തന്നെ അദ്ദേഹത്തെ വിളിപ്പിക്കുകയും പ്രസ്തുത ഖബറിനെ സംബന്ധിച്ച് കൂടുതൽ പഠനം നടത്തുന്നതിനായി ഏൽപ്പിക്കുകയും ചെയ്തു. അദ്ദേഹം ശ്രീനഗറിലെത്തി അതിനെ സംബന്ധിച്ച് അന്വേഷിക്കുകയും 560 പണ്ഡിതന്മാരുടെ സാക്ഷ്യങ്ങൾ അതിനായി ശേഖരിക്കുകയും ചെയ്ത് മസീഹ് മൗഊദ്(അ)ന്റെ സമക്ഷത്തിൽ സമർപ്പിച്ചു.

**സേവനങ്ങൾ**

അദ്ദേഹത്തിന്റെ കയ്യക്ഷരം വളരെ വൃത്തിയുള്ളതും മനോഹരവുമായിരുന്നു. അതിനാൽ മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ വൃത്തിയായി എഴുതുന്നതിനുള്ള സൗഭാഗ്യം അദ്ദേഹത്തിന് ലഭിച്ചിരുന്നു.

**സാമ്പത്തിക ത്യാഗം**

മസീഹ് മൗഊദ് (അ) നടത്തിയിരുന്ന എല്ലാ ആഹ്വാനങ്ങളിലും അദ്ദേഹം ആവേശത്തോടെ പങ്കെടുക്കുകയും മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യുമായിരുന്നു. ആദ്യകാലത്തു തന്നെ വസിയ്യത്ത് പദ്ധതിയിൽ അംഗമാകുന്നതിനുള്ള അവസരവും അദ്ദേഹത്തിന് ലഭിച്ചിരുന്നു.

**ജാമിഅ് ദുർറെ സമീൻ**

മസീഹ് മൗഊദ് (അ) ന്റെ പദ്യസമാഹരണമായ ദുർറെ സമീൻ പ്രസിദ്ധീകരിക്കുന്നതിനുള്ള സൗഭാഗ്യം സിദ്ധിച്ചത് അദ്ദേഹത്തിനായിരുന്നു. അ ക്കാരത്താൽ അദ്ദേഹം ജാമിഅ് ദുർറെ സമീൻ (ദുർറെ സമീൻ ക്രോഡീകരിച്ച വ്യക്തി) എന്നറിയപ്പെടാൻ തുടങ്ങി.

**ഖിലാഫത്തിനോട് പരിപൂർണ വിധേയത്വം**

മസീഹ് മൗഊദ് വഫാത്തായപ്പോൾ ലാഹോറിൽ നിന്ന് അദ്ദേഹവും ജനാസയോടൊപ്പം ഖാദിയാനിൽ എത്തി. പിന്നീട് ഒന്നാം ഖിലാഫത്ത് തിരഞ്ഞെടുപ്പിലും രണ്ടാം ഖിലാഫത്ത് തിരഞ്ഞെടുപ്പിലും അദ്ദേഹം പങ്കെടുത്തു. ഖലീഫമാരോട് തികഞ്ഞ ആദരവും ബഹുമാനവും അനുസരണയും പുലർത്തിയിരുന്നു.

**വഫാത്ത്**

1942 സെപ്തംബർ 2 ന് ജമ്മുവിൽ വെച്ച് ഏകദേശം 90 വയസ്സിൽ അദ്ദേഹം വഫാത്തായി. ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിക്കുകയും ബഹിശ്തി മഖ്ബറ വരെ ജനാസ തോളിലേറ്റുകയും ചെയ്തു.

(അവലംബം: അൽഫള്ൽ ഇന്റർനാഷണൽ, 22-7-05)

## നമസ്കാര പാഠങ്ങൾ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)




# مَغْضُوبِ عَلَيْهِمْ



ഖുർആൻ ഒരു തുറന്ന ഗ്രന്ഥമാകുന്നു. യഹൂദികളും ഇത് വായിക്കുന്നുണ്ട്. എന്നാൽ സ്വന്തം സമുദ്ധാരണത്തെ കുറിച്ച് ചിന്തിക്കുന്നില്ല. വീണ്ടും പാലസ്തീനികൾക്കുമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതു പോലുള്ള ദ്രോഹങ്ങൾ ചെയ്യുന്നു. അവർ ഒരാളെ കൊല്ലുമ്പോൾ ഇവർ നൂറു പേരെ കൊല്ലുന്നു. അതായത് അപരാധത്തെ കഠിനമായി അടിച്ചമർത്താൻ ശ്രമിക്കുന്നു. എന്നാൽ പ്രകൃതി നിയമം സ്വതന്ത്രമാണ്. അത് തന്റെ നിലയിൽ പ്രവർത്തിക്കുന്നു. ഇത് വിശുദ്ധ ഖുർആന്റെ വലിയൊരു മഹത്വമാണ്. നിങ്ങൾ നിത്യവും സൂറ ഫാതിഹ പാരായണം ചെയ്യുന്നുണ്ട്. എന്നാൽ ശ്രദ്ധിക്കുന്നില്ല.

اَنْعَمْتَ عَلَيْهِمْ എന്ന വിഭാഗത്തിൽ ആദ്യം യഹൂദികളും ഉൾപ്പെട്ടിരുന്നു. അല്ലാഹു പറയുന്നു, നാം നിങ്ങൾക്ക് മുഴുവൻ ലോകത്തും ശ്രേഷ്ഠത നൽകി. എന്നാൽ അവർ തങ്ങളുടെ അനുഗ്രഹത്തെ മലിനപ്പെടുത്തിയപ്പോൾ, മാലിന്യം കലർത്തിയപ്പോൾ അല്ലാഹു പറഞ്ഞു, ഇനി നിങ്ങളെ ഞാൻ ശിക്ഷിക്കുന്നതാണ്. അല്ലാഹുവിന്റെ പക്കൽ നിന്നുള്ള ശിക്ഷയും ലഭിക്കും. അത് ഈ ലോകത്തു തന്നെ ലഭിക്കണമെന്നില്ല. പരലോകത്തും ലഭിക്കുന്നതാണ്. എന്നാൽ ഏത് ഭൗതീകരുടെ കയ്യാലാണ് ലഭിക്കുക? നിങ്ങൾ കൈവശപ്പെടുത്താൻ ശ്രമിക്കുന്നവരിൽ നിന്ന്. ഞങ്ങൾ ഇപ്പോൾ ഇന്നയിടത്തെത്തി ഇനി കയ്യടക്കാം എന്ന് വീണ്ടും വീണ്ടും നിങ്ങൾ ചിന്തിക്കും. പിന്നീട് ആ അധിനിവേശം അവരിൽ നിന്ന് കൈവിട്ടു പോകുന്ന തരത്തിലുള്ള പ്രതിപ്രവർത്തനങ്ങളും വീണ്ടും വീണ്ടും ഉണ്ടാകും. യഹൂദികളുടെ മുഴുവൻ ചരിത്രത്തിന്റെയും രത്നച്ചുരുക്കം ഇതാണ്. മുഴുവൻ യൂറോപ്പും നിങ്ങൾ അരിച്ചു പെറുക്കി നോക്കുക. എല്ലാ രാജ്യത്തും എവിടെയെങ്കിലും യഹൂദികൾക്കു മേൽ അതിക്രമം ഉണ്ടായിട്ടുണ്ട്. അതിന് കാരണം അവർ തങ്ങളുടെ അധിനിവേശം വർദ്ധിപ്പിക്കാൻ ശ്രമിച്ചു എന്നതാണ്.

ആരംഭത്തിൽ എല്ലാവർക്കും നല്ലതായി തോന്നി. യോഗ്യരായ ആളുകളാണ്, വിവിധ ശാസ്ത്രങ്ങൾ കൊണ്ടുവന്നു, വിവിധ ജ്ഞാനങ്ങളിൽ അഭിവൃദ്ധി ഉണ്ടായി, ഏത് രാഷ്ട്രങ്ങളിലാണോ അവർ എത്തിയത് അവിടെ പ്രയോജനമെത്തിച്ചു. ജർമനി അവരുടെ പിന്നിൽ കൂടുന്നതിനു മുമ്പ് അവരുടെ ശാസ്ത്രജ്ഞരും, അവരുടെ ബുദ്ധിജീവികളും ജർമനിക്ക് ധാരാളം പ്രയോജനം എത്തിച്ചു. എന്നാൽ അധിനിവേശം തുടങ്ങിയപ്പോൾ അവരെ എടുത്തടിക്കാൻ തുടങ്ങി. ഇതാണ് മഗ്ദൂബിന്റെ അർത്ഥം. ഇതാണ് കാരണം. നിന്റെ കോപത്തിന് പാത്രമായ എന്നല്ല അല്ലാഹു പറയുന്നത്. മറിച്ച് കോപം ഇറക്കപ്പെട്ടു കൊണ്ടിരുന്നവർ എന്നാണ് പറഞ്ഞത്. കാരണം വിശുദ്ധ ഖുർആൻ പറഞ്ഞത്, ലോകരുടെ കൈകളാൽ ശിക്ഷിക്കപ്പെടും എന്നാണ്. അതു കൊണ്ട് '**ഗദിബ്ത**' എന്ന് പറയാൻ പറ്റില്ല. ഗദിബ്ത എന്നതിന്റെ അർത്ഥം നിന്റെ ശിക്ഷയ്ക്ക് പാത്രമായവർ എന്നാണ്. (ഉർദു ക്ലാസ്: 312)

### സൂറ ഫാതിഹാക്ക് ശേഷം ഖുർആൻ പാരായണം

ആദ്യത്തെ രണ്ടു റക്അത്തുകളിൽ സൂറ ഫാതിഹാക്ക് ശേഷം സൂറത്തുകൾ ഓതുന്നു. യഥാർത്ഥത്തിൽ വിശുദ്ധഖുർആന്റെ കല്പന **ഫഖ്റഉ മാ തയസ്സര മിനൽ ഖുർആനി** എന്നതാണ്. അതായത്, ഖുർആനിൽ നിന്ന് ഒരാൾക്ക് സാധ്യമാകുന്നത്ര പാരായണം ചെയ്യുക. അതിനാൽ വ്യത്യസ്ഥ സൂറത്തുകൾ ഓതേണ്ടതാണ്. قُلْ هُوَ اللّٰهُ اَحَدٌ മാത്രം ആവർത്തിക്കരുത്. സാധ്യമാകുന്നത്ര സൂറത്തുകൾ ചെറുതാണെങ്കിൽ പോലും മനപ്പാഠമാക്കാനും ഓരോ നമസ്കാരത്തിലും മാറി മാറി ഓതാനും ശ്രമിക്കേണ്ടതാണ്.വളരെ ദൈർഘ്യമേറിയ സൂറത്തുകൾ വേണമെന്നില്ല. നീണ്ട സൂറത്തുകൾ മനപ്പാഠമാകുന്നെങ്കിൽ ഏതെങ്കിലും സൂറത്തിൽ നിന്നുള്ള കുറച്ച് ആയത്തുകൾ മനപ്പാഠമാക്കുക. ഉദാഹരണമായി ആയത്തുൽ കുർസി. അത് ഒരായത്താണ്. മാത്രമല്ല ഏതെങ്കിലും നമസ്കാരത്തിൽ സൂറഫാതിഹായ്ക്ക് ശേഷം ഓതാൻ മതിയായതുമാണ്. അതു പോലെ നിങ്ങൾ അർത്ഥം പഠിച്ചിട്ടുള്ള, നിങ്ങളെ ആകർഷിച്ചിട്ടുള്ള, നിങ്ങളിൽ സ്വാധീനം ചെലുത്തിയിട്ടുള്ള മറ്റ് ആയത്തുകളും മനപ്പാഠമാക്കുക. അങ്ങിനെ സ്വന്തം നമസ്കാരത്തെ വ്യത്യസ്ഥഖുർആനിക ആയത്തുകളാൽ മോടി പിടിപ്പിക്കുക. അപ്പോൾ നമസ്കാരത്തിന്റെ ആനന്ദം ലഭിക്കും. അല്ലെങ്കിൽ അതൊരു പതിവ് കർമം എന്ന നിലയിൽ മാത്രമായിത്തീരും. ആമീൻ എന്നും

قُلْ هُوَ اللّٰهُ اَحَدٌ ۚ اَللّٰهُ الصَّمَدُ ۚ لَمْ يَلِدْ ۙ
وَلَمْ يُوْلَدْ ۙ وَلَمْ يَكُنْ لَّهٗ كُفُوًا اَحَدٌ ۚ

എന്ന് കുട്ടികൾ വേഗത്തിൽ ഓതിത്തീർക്കും. ചിന്തിച്ച് അതിന്റെ അർത്ഥം മനസ്സിലാക്കാനുള്ള കഴിവ് ബുദ്ധിയിലുണ്ടാവില്ല. قُلْ هُوَ اللّٰهُ اَحَدٌ......... പിന്നെ **അല്ലാഹു അക്ബർ**, അങ്ങിനെ നമസ്കരിക്കരുത്.

വിശുദ്ധഖുർആനിലെ കല്പന നമസ്കാരത്തിൽ സൂറത്തുകൾ മാറി മാറി ഓതാൻ ശ്രമിക്കണമെന്നതാണ്. അതിനാൽ ഞാൻ ഓരാഴ്ചയിലെ നമസ്കാരങ്ങൾക്കായി ഒരു ക്രമം നിശ്ചയിച്ചിട്ടുണ്ട്. സുബ്ഹി നമസ്കാരത്തിൽ ഇന്ന സൂറത്തുകൾ മാറി മാറി, ളുഹർ അസ്ർ നമസ്കാരങ്ങളിൽ സ്വന്തമായി ഓതുന്നു. മഗ്രിബ് ഇശാ നമസ്കാരങ്ങളിൽ ഓരോ ദിവസവും ഏതെങ്കിലും സൂറത്തുകൾ മാറിമാറി ഓതുന്നത് നിങ്ങൾ കേൾക്കുന്നുണ്ട്. അതു കൊണ്ടുള്ള ഒരു പ്രയോജനം, നിങ്ങൾ മറ്റൊരു സൂറത്ത് ഓതുന്ന ദിവസം ആ സൂറത്തിലെ വിഷയങ്ങളിൽ വീണ്ടും ഒരു ആനന്ദം ലഭിക്കുകയും മനസിലാകുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഞാൻ മുഴുവൻ ജമാഅത്തിനെയും ഉപദേശിച്ചു കൊണ്ട് കുറഞ്ഞ പക്ഷം ഞാനോതുന്ന സൂറത്തുകളുടെ അർത്ഥം പഠിക്കുവാനായി പറഞ്ഞത്. അവയുടെ അർത്ഥം പഠിക്കുകയാണെങ്കിൽ അവർക്കും അത് മനപ്പാഠമാക്കുന്നതിനുള്ള താൽപര്യം ഉണ്ടാകും. കൂടുതൽ ദൈർഘ്യമുള്ളത് പഠിച്ചില്ലെങ്കിലും കുഴപ്പമില്ല. എന്നാൽ കുറച്ച് ആയത്തുകൾ തീർച്ചയായും മനപ്പാഠമാക്കുക. അങ്ങിനെയെങ്കിൽ അഞ്ചു നേര നമസ്കാരങ്ങളിലും നിങ്ങൾക്ക് വ്യത്യസ്ത സൂറത്തുകൾ പാരായണം ചെയ്യാൻ കഴിയും. അടുത്ത ദിവസത്തെ അഞ്ച് നമസ്കാരങ്ങളിൽ വേറെ സൂറത്തുകൾ ഓതാൻ സാധിക്കുന്നതാണ്. അതിനടുത്ത ദിവസത്തെ അഞ്ചു നമസ്കാരങ്ങളിൽ വേറെ സൂറത്തുകൾ. ആഴ്ച്ചയ്ക്കു ശേഷം ആഴ്ച എന്നതുപോലെ നിങ്ങളുടെ സൂറത്തുകളുടെയും ഒരു ഭ്രമണം രൂപം കൊള്ളുന്നു. ഇത് വളരെ അനിവാര്യമായ ഭാഗമാണ്. ഗ്രന്ഥങ്ങളിൽ വായിക്കുമ്പോൾ അതിൽ قُلْ هُوَ اللّٰهُ اَحَدٌ ...... എന്നായിരിക്കും എഴുതിയിട്ടുണ്ടാകുക. അത് മാത്രം ശരിയല്ല. അതിനാൽ നമസ്കരിക്കുമ്പോൾ നിങ്ങൾക്ക് ഓർമയുള്ള സൂറത്ത് അല്ലെങ്കിൽ സൂറത്തിന്റെ ഏതാനും ഭാഗം ഓർമയുണ്ടെങ്കിൽ അത് ഓതുക. ഈ ആയത്തുകളെ സാവധാനത്തിൽ മനപ്പാഠമാക്കുക. എന്നിട്ട് സ്വന്തം വിഷയം സ്വയം തയ്യാറാക്കുക. ഞാൻ ഏത് ആയത്തുകളാണ് സൂറ ഫാത്തിഹയ്ക്ക് ശേഷം ഓതുക എന്നതായിരിക്കും നിങ്ങളുടെ വിഷയം. നിങ്ങൾക്ക് ആനന്ദം ലഭിക്കുകയും ഹൃദയത്തിൽ സ്വാധീനം ചെലുത്തുന്നതുമായ ആയത്തുകൾ മനപ്പാഠമാക്കുക. ഒരു തവണ قُلْ هُوَ اللّٰهُ اَحَدٌ ഓതുന്നു. മറ്റൊരിക്കൽ വേറെ ഓതുന്നു. പിന്നീട് മറ്റ് ചില ആയത്തുകൾ ഓതുന്നു. അങ്ങിനെ ഒരു വർഷത്തിനുള്ളിൽ നമ്മുടെ ഉർദുക്ലാസിലെ എല്ലാ കുട്ടികളും, നിങ്ങൾ കാരണത്താൽ പുറത്ത് ദീൻ പഠിക്കുന്നവരും തങ്ങളുടെ നമസ്കാരങ്ങളിൽ വ്യത്യസ്ഥ സൂറത്തുകൾ പാരായണം ചെയ്യുന്ന ശീലക്കാരായി മാറുന്നതാണ്. എന്നാൽ അർത്ഥം തീർച്ചയായും അറിഞ്ഞിരിക്കണം എന്ന ഒരു നിബന്ധനയിൽ. അതിനെ നല്ലവണ്ണം മനപ്പാഠമാക്കുക.

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

# വനവൽക്കരണം



**എറണാകുളം:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ എറണാകുളം ജില്ലയുടെ ആഭിമുഖ്യത്തിൽ വനവൽക്കരണ വാരവുമായി ബന്ധപ്പെട്ട് വൃക്ഷത്തൈ വിതരണം നടത്തി. എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് ഉൽഘാടനം നടത്തി. 250 വൃക്ഷത്തൈകളാണ് വിതരണം ചെയ്തത് ജില്ലയിലെ വിവിധ മജ്‌ലിസുകൾ അവരുടെ വിഹിതമായി ലഭിച്ച വൃക്ഷത്തൈകൾ വിവിധങ്ങളായ സ്ഥലങ്ങളിൽ നടുകയുണ്ടായി.




**മൂവ്വാറ്റുപുഴ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ എറണാകുളം ജില്ലയുടെ കീഴിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ മൂവ്വാറ്റുപുഴ ഗവർമെന്റ് ഹോമിയോ ആശുപത്രി അങ്കണത്തിൽ ലോക പരിസ്ഥിതിദിനത്തിൽ വൃക്ഷത്തൈകൾ നടുകയുണ്ടായി.



സൗത്ത് ഇലാഖ ഖാഇദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടി മൂവ്വാറ്റുപുഴ മുൻസിപ്പൽ ചെയർമാൻ ശ്രീ യു. ആർ. ബാബു വൃക്ഷത്തൈ നട്ടു കൊണ്ട് ഉൽഘാടനം ചെയ്തു. സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാനായ ശ്രീ അനിൽകുമാർ, കൗൺസിലറായ ശ്രീ അനിൽ, മെഡിക്കൽ ഓഫീസർ ശ്രീ ശിവദാസ് എന്നിവരും വൃക്ഷത്തൈകൾ നടുകയുണ്ടായി. അവരെല്ലാവരും തന്നെ തങ്ങളുടെ പ്രഭാഷണത്തിൽ ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും തുടർന്നും ഇത്തരം പരിപാടികൾ ആസൂത്രണം ചെയ്യണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി. തുടർന്ന് ഗവർമെന്റ് ജെ. ബി സ്കൂളിലും വൃക്ഷത്തൈ വിതരണം നടത്തുകയുണ്ടായി.





**കോഴിക്കോട്:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോട് ജില്ലയുടെ ആഭിമുഖ്യത്തിൽ വെള്ളിമാട് കുന്നിലെ ഗേൾസ് ഹോം പരിസരത്ത് വനവൽക്കരണം നടത്തി. മേഖലാ അമീർ കെ.എം. അഹ്മദ് കോയ സാഹിബ് പരിപാടി ഉദ്ഘാടനം ചെയ്തു. ഗേൾസ് ഹോമിന്റെ പരിസരത്തും മറ്റും 75 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. പരിപാടിയിൽ കോഴിക്കോട്, മാത്തോട്ടം, കൊടിയത്തൂർ,



വടകര എന്നീ മജ്‌ലിസുകളിലെ 30 ാളം ഖാദിമീങ്ങൾ പങ്കെടുത്തു.

**കാക്കനാട്:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ എറണാകുളം ജില്ലയുടെ കീഴിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ കാക്കനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മേഖലാ അമീർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ കാക്കനാട് ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി.ഡി. സുരേഷ് വൃക്ഷത്തൈ നട്ടു കൊണ്ട് ചടങ്ങ് ഉൽഘാടനം ചെയ്തു.





കൗൺസിലർമാരായ വർഗീസ് പൗലോസ്, അജിത തങ്കപ്പൻ, മോഹനൻ മെഡിക്കൽ ഓഫീസർ ഡോ. സുധ തുടങ്ങിയവർ ആശംസ അർപ്പിക്കുകയും വൃക്ഷത്തൈകൾ നടുകയും ചെയ്തു. ജില്ലാ ഖാഇദ് സഫ്‌വാൻ സാഹിബ്, കാക്കനാട് ഖാഇദ് ശാഫി സാഹിബ് എന്നിവർ നേതൃത്വം നൽകി.



**പഴയങ്ങാടി:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കണ്ണൂർ ജില്ലയുടെ ആഭിമുഖ്യത്തിൽ പഴയങ്ങാടി ഫദ്‌ലെ ഉമർ സ്കൂൾ പരിസരത്ത് വനവൽക്കരണം നടത്തി. ഇലാഖാ ഖാഇദ് റഹീം ശംസുദ്ദീൻ സാഹിബിന്റെ നേതൃത്വത്തിൽ നടത്തിയ വനവൽക്കരണത്തിൽ പഴയങ്ങാടി ഖുദ്ദാം അത്ഫാൽ പ്രവർത്തകർ 200 ഓളം വൃക്ഷത്തൈകൾ നടുകയുണ്ടായി.

**കരുളായി:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മലപ്പുറം ജില്ലയുടെ ആഭിമുഖ്യത്തിൽ ഫദ്‌ലെ ഉമർ സ്കൂൾ പരിസരത്ത് വനവൽക്കരണം നടത്തി. മേഖലാ അമീർ മുഹമ്മദ് അലി മാസ്റ്റർ സാഹിബ് വൃക്ഷത്തൈ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്തു. കരുളായി ജമാഅത്ത് അമീർ ടി.കെ. സിദ്ദീഖ് സാഹിബ്, ഇലാഖാ ഖാഇദ് മുഷ്താഖ് അഹ്മദ് സാഹിബ് എന്നിവർ സന്നിഹിതരായിരുന്നു. കരുളായി ഖാഇദ് സാഹിബ് നേതൃത്വം നൽകി.75 വൃക്ഷത്തൈകൾ നടുകയുണ്ടായി.



# മേഖലാ ഇജ്ത്തിമാകൾ

**ഷിമോഗ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കർണ്ണാടക മേഖല ഇജ്ത്തിമാ വിജയ പൂർവ്വം സംഘടിപ്പിച്ചു.



മൗലാനാ മുഹമ്മദ് കലീം ഖാൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ നാഇബ് സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് സി.ശമിം അഹ്മദ് സാഹിബ് ഉദ്ഘാടനപ്രഭാഷണം നടത്തുകയുണ്ടായി. മേഖലാ നാസിം തർബിയ്യത്ത് അഷ്റഫ് ഖാൻ സാഹിബ് സ്വാഗതപ്രസംഗം നിർവ്വഹിക്കുകയും മുഅ്ത്തമിദ് ബശാറത്ത് അഹ്മദ് സാഹിബ് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്ത ചടങ്ങിൽ ഖുദ്ദാം അത്ഫാൽ പ്രതിജ്ഞ നാഇബ് സദ്ർ സാഹിബ് ചൊല്ലിക്കേൾപ്പിച്ചു. മേഖലാ ഖാഇദ് ബി.മുസദ്ദിഖ് അഹ്മദ് സാഹിബ് സദസ്സിനെ അഭിസംബോധന ചെയ്തു പ്രസംഗിച്ചു.



ഖത്തമനുബുവ്വത്ത് കി ഹഖീഖത്ത് എന്ന പുസ്തകത്തിന്റെ കന്നട പരിഭാഷ സദർ സാഹിബ് പ്രകാശനം ചെയ്തു. രണ്ടു ദിവസങ്ങളിലായി നടന്ന ഇജ്തിമായിൽ വൈജ്ഞാനിക മത്സരങ്ങൾക്കു പുറമേ കായികമത്സരങ്ങളും ഉണ്ടായിരുന്നു. വൈകീട്ട് ചേർന്ന ഖാഇദുമാരുടെയും ഭാരവാഹികളുടെയും യോഗത്തിൽ നാഇബ് സദർ സാഹിബ് നിർദ്ദേ ശങ്ങൾ നൽകി.

ചോദ്യോത്തരവേദിയും സംഘടിപ്പിച്ചിരുന്നു. മൗലാനാ മുഹമ്മദ് കലീം ഖാൻ സാഹിബ് നാഇബ് സദർ സി.ശമിം അഹ്മദ് സാഹിബ് എന്നിവർ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞു.

സദർ ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രതിനിധിയായി മൗലാനാ മുഹമ്മദ് കലീം ഖാൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന സെഷനിൽ നാഇബ് സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് സി.ശമിം അഹ്മദ് സാഹിബ്, ഷിമോഗ ജമാഅത്ത് പ്രസിഡണ്ട് സാഹിബ് എന്നിവർ പ്രസംഗിച്ചു. സമാപനസമ്മേളനത്തിൽ ഷിമോഗ ജമാഅത്ത് ലജ്ന ഇമാഇല്ലാഹ് , അൻസാറുല്ലാഹ് അംഗങ്ങളും പങ്കെടുത്തിരുന്നു. വൈജ്ഞാനിക കായിക മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഷിമോഗ ഖാഇദ് സാഹിബ് നന്ദി പ്രകാശിപ്പിച്ചു.

**യാദ്ഗീർ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കർണ്ണാടക ഉത്തരമേഖലാ ഇജ്ത്തിമായിൽ നാഇബ് സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് സി.




ശമിം അഹ്മദ് സാഹിബ് പതാകയുയർത്തു കയും ഉദ്ഘാടനപ്രഭാഷണം നടത്തുകയുമുണ്ടായി. മേഖലാ അമീർ സാഹിബ് അദ്ധ്യക്ഷനായിരുന്നു. ഖുദ്ദാം പ്രതിജ്ഞ നാഇബ് സദ്ർ സാഹിബും, അത്ഫാൽ പ്രതിജ്ഞ മേഖലാ ഖാഇദ് സാഹിബും ചൊല്ലിക്കേൾപ്പിച്ചു. മുഅ്ത്തമിദ് സാഹിബ് റിപ്പോർട്ട് അവതരിപ്പിച്ചു. യാദ്ഗീർ മഖാമീ അമീർ സാഹിബ്, സർക്കിൾ ഇൻ ചാർജ്ജ് എന്നിവർ പ്രസംഗിച്ചു.തർബിയ്യത്തീസമ്മേളനം യാദ്ഗീർ ജമാഅത്ത് അമീർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്നു. രണ്ടു ദിവസങ്ങളിലായി നടന്ന ഇജ്തിമായിൽ വൈജ്ഞാനിക മത്സരങ്ങൾക്കു പുറമേ കായികമത്സരങ്ങളും ഉണ്ടായിരുന്നു.



സമാപന സെഷനിൽ നാഇബ് സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് റഫീഖ് അഹ്മദ് സാഹിബ് ബേഗ്, മേഖലാ ഖാഇദ് മുസവ്വിർ അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു. ഖുദ്ദാം അത്ഫാൽ പ്രതിജ്ഞ റഫീഖ് അഹ്മദ് സാഹിബ് ബേഗ് ചൊല്ലിക്കേൾപ്പിച്ചു. വൈജ്ഞാനിക കായിക മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. സമാപന സമ്മേളനത്തിൽ ലജ്ന ഇമാഇല്ലാഹ്, അൻസാറുല്ലാഹ് അംഗങ്ങളും പങ്കെടുത്തിരുന്നു.

**ഹൈദരബാദ്:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഹൈദരബാദ് മേഖല ഇജ്ത്തിമാ സാഇദാബാദ് മസ്ജിദിൽ വച്ചു നടന്നു.നാഇബ് സദർ എം.കെ.എ ഭാരത് റഫീഖ് അഹ്മദ് സാ ഹിബ് ബേഗിന്റെ അദ്ധ്യക്ഷതയിൽ നാഇബ് സദർ




എം.കെ.എ ഭാരത് സി. ശമിം അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. ഖുദ്ദാം പ്രതിജ്ഞ നാഇബ് സദർ സി.ശമിം അഹ്മദ് സാഹിബും, അത്ഫാൽ പ്രതിജ്ഞ മേഖലാ ഖാഇദ് സാഹിബും ചൊല്ലിക്കേൾപ്പിച്ചു.

മേഖലാ അമീർ ജനാബ് സുഹൈൽ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ സദർ ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രതിനിധികളായികൊണ്ട് നാഇബ് സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് റഫീഖ് അഹ്മദ് സാഹിബ് ബേഗ്, മുഅ്ത്തമിദ് ഭാരത് ഗുലാം ആസിമുദ്ദീൻ സാഹിബ് എന്നിവരും മുബല്ലിഗ് ഇൻ ചാർജ്ജ് മൗലവി സാദി സാഹിബും പ്രസംഗിച്ചു. സമാപന സമ്മേളനത്തിൽ ഖുദ്ദാം അത്ഫാൽ പ്രതിജ്ഞ നാഇബ് സദർ റഫീഖ് അഹ്മദ് സാഹിബ് ബേഗ് ചൊല്ലിക്കേൾപ്പിച്ചു. മേഖലാ മുഅ്ത്തമിദ് സാഹിബ് റിപ്പോർട്ട് അവതരിപ്പിച്ചു. ഖിലാഫത്ത് പ്രതിജ്ഞ സോണൽ ഖാഇദ് മുബശ്ശിർ അഹ്മദ് സാഹിബ് ചൊല്ലി ക്കേൾപ്പിച്ചു. ഹൈദരബാദ് സോണൽ അൻ സാറുല്ലാഹ് നാസിം, ഹൈദരബാദ് സഈം ആലാ തൻവീർ അഹ്മദ് സാഹിബ് എന്നിവരും സന്നിഹിതരായിരുന്നു. സോണൽ ഖാഇദ് മുബശ്ശിർ അഹ്മദ് സാഹിബ് നന്ദി പ്രകാശിപ്പിച്ചു. വൈജ്ഞാനിക കായിക മത്സരങ്ങളിൽ വിജയികളായവർക്കും കഴിഞ്ഞ വർഷത്തെ മികച്ച പ്രവർത്തനത്തിന് മജ്‌ലിസുകൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.



# പാലക്കാട് ജില്ലാ ഖുദ്ദാം അത്ഫാൽ സ്പോർട്സ് മീറ്റ്



**മുറിയക്കണ്ണി:** മുറിയക്കണ്ണിയിൽ വച്ച് നടന്ന പാലക്കാട് ജില്ലാ ഖുദ്ദാം അത്ഫാൽ സ്പോർട്സ് മീറ്റ് സെൻട്രൽ ഇലാഖാ ഖാഇദ് ടി.കെ മുഷ്താഖ് അഹ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ മേഖലാ അമീർ എം.കെ.അബ്ദുൽ കരീം സാഹിബ് ഉദ്ഘാടനം ചെയ്തു. മുറിയക്കണ്ണി സദർ ജമാഅത്ത് അയമു മാസ്റ്റർ ആശംസാ പ്രസംഗം നടത്തി.

മീറ്റിൽ ഫുട്ബോൾ,വോളിബോൾ,കബഡി, ഷട്ടിൽ , 100 മീറ്റർ 50 മീറ്റർ ഓട്ടം, കസേരക്കളി, ലമൺ സ്പൂൺ എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു. വിജയികൾക്ക് ഇലാഖാ നാഇബ് ഖാഇദ് ഉണ്ണീൻ സാഹിബ്, പാലക്കാട് ജില്ലാ ഖാഇദ് ഷാജിമോൻ സാഹിബ് , മലപ്പുറം ജില്ലാ ഖാഇദ് എം.ഷഫീഖ് സാഹിബ് എന്നിവർ സമ്മാനവിതരണം ചെയ്തു. മീറ്റിൽ 200 ഓളം ഖുദ്ദാം അത്ഫാൽ സഹോദരങ്ങൾ പങ്കെടുത്തു.



# വഖാറെ അമൽ




**കണ്ണൂർ:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കടലായിയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ ടൗൺ ട്രാഫിക് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ വഖാറെ അമൽ നടത്തി. കണ്ണൂർ ജില്ലാ ഖാഇദ് ഉമൈർ സാഹിബും, കടലായി ഖാഇദ് സമീർ അഹ്മദ് സാഹിബും നേതൃത്വം നൽകിയ വഖാറെ അമൽ ട്രാഫിക് S.I ശ്രീ. സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ജമാഅത്ത് സദർ അഹ്മദ് റശീദ് സാഹിബും സന്നിഹിതനായിരുന്നു. അധികൃതർക്ക് സാഹിത്യങ്ങളും വിതരണം ചെയ്തു.

# രക്തദാന ക്യാമ്പ്

**പെരിന്തൽമണ്ണ:** സെൻട്രൽ ഇലാഖാ തലത്തിലുള്ള രക്തദാനക്യാമ്പ് പെരിന്തൽമണ്ണ ഗവ.ഹോസ്പിറ്റലിൽ പാലക്കാട് ജില്ലാ ഖാഇദിന്റെയും പെരിന്തൽമണ്ണ ഖാഇദിന്റെയും നേതൃത്വത്തിൽ നടന്നു.

കരുളായി, പത്തപ്പിരിയം, മഞ്ചേരി, വാണിയമ്പലം, മണ്ണാർക്കാട്, പള്ളിപ്പുറം, പെരിന്തൽമണ്ണ, തിരുവിഴാംകുന്ന്, കൊടുവായൂർ എന്നീ മജ്ലിസുകളിൽ നിന്നായി 31 ഖാദിം സഹോദരങ്ങൾ പങ്കെടുത്തു. 27 ഖാദിംകൾ രക്തദാനം ചെയ്തു.



# മഴക്കെടുതി:

## കൂടാളി ജമാഅത്ത് സേവനരംഗത്ത്:

**കൂടാളി:** മതിൽ തകർന്ന് തോടിന് തടസ്സമായപ്പോൾ സാഹസികമായി കല്ലുകൾ മാറ്റുന്ന അഹ്മദിയ്യാ മുസ്ലിം പ്രവർത്തകർ. അവസരോചിതമായ ഇടപെടൽ പ്രദേശത്തെ ജനങ്ങളുടെ ഭീതിയകറ്റാൻ സഹായകമായി.

# റെഫ്രഷർ കോഴ്സ്

**എറണാകുളം:** പുതുതായി തിരഞ്ഞെടുക്കപ്പെട്ട എറണാകുളം മേഖലയിലുള്ള മജ്ലിസ് ആമില അംഗങ്ങൾക്കായുള്ള റെഫ്രഷർ കോഴ്സ് സംഘടിപ്പിച്ചു. ഓരോ വിഭാഗത്തെ കുറിച്ചും സംക്ഷിപ്ത വിവരണങ്ങൾ കേൾപ്പിക്കുകയും, എല്ലാ പ്രവർത്തകസമിതി അംഗങ്ങൾക്കും ബന്ധപ്പെട്ട വകുപ്പിന്റെ ഫയലും റിപ്പോർട്ട് ഫോറങ്ങളും നൽകുകയുമുണ്ടായി.

# സൃഷ്ടി സേവനം

**കാക്കനാട്:** സാമൂഹിക ക്ഷേമ വകുപ്പിന്റെ കീഴിൽ പെൺകുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനത്തിലേക്ക് വസ്ത്രവിതരണം നടത്തി. ജമാഅത്തിലെ വ്യക്തികളുടെ വീടുകളിൽ നിന്ന് സ്വരൂപിച്ച വസ്ത്രങ്ങളാണ് നൽകിയത്. പ്രസ്തുത സ്ഥാപനത്തിൽ 5 മുതൽ 18 വയസ്സു വരെയുള്ള പെൺകുട്ടികളെയാണ് സംരക്ഷിക്കുന്നത്.

# പഠനോപകരണ വിതരണം

**എറണാകുളം:** ലജ്ന ഇമാഇല്ലാഹ് എറണാകുളം മേഖലയുടെ ആഭിമുഖ്യത്തിൽ അർഹരായ സാധു വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് പഠനോപകരണ കിറ്റ് വിതരണം ചെയ്തു. മേഖലാ അമീർ സാഹിബ് ആണ് വിതരണം നടത്തിയത്.

# സ്റ്റെപ്പ്

**കോഴിക്കോട് :** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോട് ജില്ലയുടെ ആഭിമുഖ്യത്തിൽ ബൈത്തുൽ ഖുദ്ദൂസിൽ വെച്ച് സ്റ്റെപ്പ് (സിസ്റ്റമാറ്റിക് ട്രെനിംഗ് ഫോർ ഇഫക്റ്റീവ് പേരന്റിംഗ്)എന്ന പ്രോഗ്രാം സംഘടിപ്പിച്ചു. മാത്തോട്ടം അമീർ ജനാബ് പി.എം ബശീർ സാഹിബ് പരിപാടി ഉദ്ഘാടനം ചെയ്തു. ഭാരത് നാഇബ് സദർ സി. ശമീം സാഹിബ് അധ്യക്ഷത വഹിച്ചു. തുടർന്ന് താഹിർ അഹ്മദ് സാഹിബ് ക്ലാസ് എടുക്കുകയും ചെയ്തു. ഈ പരിപാടിയിൽ 45 ാളം മാതാപിതാക്കൾ പങ്കെടുത്തു രാവിലെ 11 മണിക്ക് ആരംഭിച്ച ക്ലാസ് വൈകുന്നേരം 4 മണിക്ക് അവസാനിച്ചു.

# ആദരിച്ചു



**സിവിൽ സർവീസ് പരീക്ഷയിൽ ഉന്നത റാങ്കുകൾ കരസ്ഥമാക്കിയവരെ ആദരിച്ചു കൊണ്ട് എറണാകുളത്ത് നടന്ന ചടങ്ങിൽ അഹ്മദിയ്യ ജമാഅത്തിനെ പ്രതിനിധീകരിച്ചു കൊണ്ട് മേഖല സെക്രട്ടറി ഇസ്ലാഹ് വ ഇർശാദ് ജനാബ് ശാഹുൽ ഹമീദ് സാഹിബ് സ്നേഹോപഹാരങ്ങൾ സമർപ്പിക്കുന്നു.**

# ഡോക്ടറേറ്റ്

**പത്തപ്പിരിയം:** എ.കെ. മുജീബ് സാഹിബ് ന്യൂഡൽഹിയിലെ കേന്ദ്ര സർവ്വകലാശാല യായ ജാമിഅ മില്ലിയ ഇസ്ലാമിയ യൂനിവേ ഴ്സിറ്റിയിൽ നിന്നും അറബിഭാഷ സാഹി ത്യത്തിൽ പി.എച്ച്. ഡി നേടി. കേരള ത്തിലെ അറബി എ ഴുത്തുകാരുടെ സാ മ്രാജ്യത്വ വിരുദ്ധ ചെറുത്ത് നിൽപ് എ ന്നതായിരുന്നു വിഷ യം. ഡോ.അബ്ദുൽ മാജിദ് ഖാസി, പ്രൊ ഫ.ഷഫീഖ് അഹ്മദ് ഖാൻ എന്നിവരുടെ കീ ഴിൽ പഠനം നടത്തി. കാലിക്കറ്റ് യൂനിവേ ഴ്സിറ്റി ബി.എ.അഫ്സലുൽ ഉലമ അറബിക്, എം.എ. അറബിക് എന്നിവയിൽ ഒന്നാം റാങ്ക് നേടിയ മുജീബ് യൂനിവേഴ്സിറ്റി സർഗപ്രതിഭ പട്ടവും നേടിയിരുന്നു.



# മൗലവി എസ്.എം. ബശീറുദ്ദീൻ നാഇബ് വക്കീലുൽ മാൽ ദോം

**ഖാദിയാൻ :** തഹ്‌രീക് ജദീദ് സാമ്പത്തിക വിഭാഗത്തിൽ പ്രവർ ത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി മൗലവി എസ്. എം. ബശീറുദ്ദീൻ സാഹിബിനെ നാഇബ് വക്കീലുൽ മാൽ ദോം ആയി നിയമിച്ചു കൊണ്ട് ഹുസൂർ തിരുമനസ് ഉത്തരവായിരി ക്കുന്നു.

പാലക്കാട് സ്വദേശിയായ മൗലവി ബശീറുദ്ദീൻ സാഹിബ് ജാമിഅ പഠനത്തിന് ശേഷം കുറച്ചു കാലം ജാമിഅത്തുൽ മുബശ്ശിരീനിൽ അദ്ധ്യാപകനായിരുന്നു. തഹ്‌രീക് ജദീദ് ഇൻസ്പെക്ടറായി സേവനം ചെയ്തു കൊണ്ടിരിക്കേയാണ് പുതിയ നിയമനം.

തഹ്‌രീക് ജദീദ് സംബന്ധമായി ദക്ഷിണേന്ത്യയുടെ ചുമതലയാണ് ഇദ്ദേഹത്തിന് നൽകിയിരിക്കുന്നതെന്ന് വക്കീലുൽ മാൽ മൗലാന ഖുർശിദ് അഹ്മദ് സാഹിബ് അൻവർ അറിയിച്ചു.



# മജ്ലിസ് അൻസാറുല്ലാഹ് പാലക്കാട് മേഖലാ ഇജ്തിമാഅ്

**അട്ടപ്പാടി :** മജ്ലിസ് അൻസാറുല്ലാഹ് പാലക്കാ ട് മേഖലാ ഇജ്തിമാഅ് അട്ടപ്പാടി അഗളി അഹാ ഡ്സിൽ വിജയകരമായി സംഘടിപ്പിച്ചു.

മേഖലാ അമീർ പ്രൊഫ:അബ്ദുൽ കരീം സാഹി ബിന്റെ അധ്യക്ഷതയിൽ അഖിലേന്ത്യ നാഇബ് സദർ പി. പി. നാസിറുദ്ദീൻ സാഹിബ് ഉദ്ഘാ ടനം ചെയ്തു. അഖിലേന്ത്യ സദർ സാഹിബി ന്റെ സന്ദേശം ഇജ്തിമാഅ് കൺവീനർ കെ. ശംസുദ്ദീൻ സാഹിബ് വായിച്ചു കേൾപ്പിച്ചു.

സർക്കിൾ ഇൻചാർജ് മൗലവി ടി. മുഹമ്മദ് മൻ സിൽ സാഹിബ്, ദഅ്വത്തെ ഇലല്ലാഹ് മുബ ല്ലിഗ്മാരായ മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ്, മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് എന്നിവർ ക്ലാസെടുത്തു.






സമാപന സമ്മേളനത്തിൽ മേഖലാ നാസിം എം. താജുദ്ദീൻ സാഹിബ് അധ്യക്ഷത വഹിച്ചു. വൈജ്ഞാനിക കായിക മത്സരങ്ങളിലെ വിജയി കൾക്കുള്ള സമ്മാനങ്ങൾ മേഖലാ അമീർ സാഹിബ് വിതരണം ചെയ്തു.

ഇജ്തിമാഇൽ പങ്കെടുത്ത മേഖലയിലെ ഏറ്റ വും സീനിയർ അംഗങ്ങളായി ടി. രായു സാഹി ബ്, ടി. ഉപായി സാഹിബ് (മുറിയക്കണ്ണി), അല വു സാഹിബ് (തിരുവിഴാം കുന്ന്), അബു സാ ഹിബ് (അലനല്ലൂർ), എന്നിവരെ ആദരിച്ചു കൊ ണ്ട് ഉപഹാരങ്ങൾ സമർപ്പിച്ചു.

# നേത്രപരിശോധനയും ആയുർവേദ ക്യാമ്പും

**മുറിയക്കണ്ണി :** മജ്ലിസ് അൻസാറുല്ലാഹ് പാലക്കാട് മേഖലയും അഹല്യ ഫൗണ്ടേഷ ന്റെയും സംയുക്താഭിമുഖ്യത്തിൽ മുറിയ ക്കണ്ണിയിൽ വെച്ച് നേത്ര തിമിര ശസ്ത്രക്രിയ ക്യാമ്പും ആയുർവേദ സൗജന്യ രോഗ നിർ ണയ ക്യാമ്പും സംഘടിപ്പിച്ചു.



മേഖലാ അമീർ പ്രൊഫ:എം.കെ.അബ്ദുൽ കരീം സാഹിബ് അദ്ധ്യക്ഷനായിരുന്ന ചടങ്ങി ൽ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് അംഗ വും മുസ്ലീം ലീഗ് നേതാവുമായ സൈനു ദ്ദീൻ ആലിയാൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ടി. കുഞ്ഞീതു മാസ്റ്റർ സ്വാഗതവും, കെ. ശംസുദ്ദീൻ സാഹിബ് നന്ദിയും പറഞ്ഞു. മുന്നൂറോളം പേർ ക്യാമ്പ് പ്രയോജനപ്പെടു ത്തുകയുണ്ടായി.

# ബുക്ക് സ്റ്റാൾ

**മഞ്ചേശ്വരം:** പ്ലാറ്റിനം ജൂബിലി യോടനുബന്ധിച്ച് ഹൊസം കടി യിലും, ഉപ്പളയിലും ഖുദ്ദാമുൽ അഹ്മദിയ്യാ ബുക്ക്സ്റ്റാൾ സംഘടിപ്പിച്ചു. സന്ദർശകർ താ ൽപര്യപൂർവ്വം സന്ദർശിച്ച സ്റ്റാ ളിലൂടെ ധാരാളം ലഘുലേഖ കളും വിതരണം ചെയ്തു.






# "സമാധാനസമ്മേളനം"

## മടിക്കേരി, ഇൻഡ്യ

മടിക്കേരി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ സമാധാന സമ്മേളനം സംഘടിപ്പിക്കപ്പെട്ടു.

റവ.സുധീർ റോബിൻസൺ (യൂത്ത് കോർഡിനേറ്റർ, കർണ്ണാടക സതേൺ ഡയോസിസ്, മടിക്കേരി), ശ്രീ.സ്വാമി ബോധസ്വരൂപാനന്ദ (അധ്യക്ഷൻ,ശ്രീരാമകൃഷ്ണ ശാരദാശ്രമ,പൊന്നംപെറ്റ്) ബി.ജി.അനന്ദശയന (എഡിറ്റർ,ശക്തിദിനപത്രം) എന്നിവർ പ്രസംഗിക്കുകയുണ്ടായി. സദർ, ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ് അദ്ധ്യക്ഷത വഹിച്ചു. ഹുസൂർ തിരുമനസ്സിന്റെ സമാധാനസന്ദേശം മൗലവി കലീം ഖാൻ സാഹിബ് വായിച്ചു കേൾപ്പിച്ചു.

ലോകപ്രതിസന്ധിയും സമാധാനത്തിലേക്കുള്ള വഴിയും (ലോകസമാധാനത്തിനായുള്ള നിർദ്ദേശങ്ങളടങ്ങിയ ഹുസൂറിന്റെ ലോകനേതാക്കൾക്കുള്ള കത്തുകൾ) എന്ന പുസ്തകം ചടങ്ങിൽ പ്രകാശനം ചെയ്തു. ജമാഅത്തിനെ പ്രതിനിധീകരിച്ചു കൊണ്ട് മൗലവി എം.നാസിർ സാഹിബ്(മുബല്ലിഗ്, കേരള), ജനാബ് തമീം അബ്ബാസ് സാഹിബ് (മടിക്കേരി), ജനാബ് ബദറുദ്ദീൻ സാഹിബ് (യു.എ.ഇ) എന്നിവർ പ്രസംഗിച്ചു. ഖലീഫത്തുൽ മസീഹ് റാബിഹ് (റഹ്) എഴുതിയ മതത്തിന്റെ പേരിൽ മനുഷ്യഹത്യയുടെ കന്നഡപരിഭാഷയും ചടങ്ങിൽ പ്രകാശനം ചെയ്തു.















# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ
# പ്ലാറ്റിനം ജൂബിലി
# സൗത്ത് ഇൻഡ്യ്യൻ സ്‌പോർട്‌സ് മീറ്റ്



മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് മടിക്കേരിയിൽ വച്ച് സൗത്ത് ഇൻഡ്യൻ സ്പോർട്സ് മീറ്റ് നടന്നു.
**ആന്ധ്ര, കർണ്ണാടക, തമിഴ്നാട്, കേരള എന്നീ സംസ്ഥാനങ്ങളിൽ നിന്നായി 9 ടീമുകൾ പങ്കെടുത്തു.**

ഗോദാവരി, ഹൈദരബാദ്,സൗത്ത് കർണ്ണാടക , നോർത്ത് കർണ്ണാടക, നോർത്ത് തമിഴ്നാട് , സൗത്ത് കേരള, നോർത്ത് കേരള, സെൻട്രൽ കേരള എന്നിവിടങ്ങളിൽ നിന്നുള്ള ടീമുകൾ ക്രിക്കറ്റ് ടൂർണമെന്റിൽ മാറ്റുരച്ചപ്പോൾ ഫുട്ബോൾ മത്സരത്തിൽ കർണ്ണാടക സൗത്ത്, തമിഴ്നാട് നോർത്ത്, സൗത്ത് കേരള, നോർത്ത് കേരള, സെൻട്രൽ കേരള എന്നീ ടീമുകൾ മത്സരിച്ചു.





**സദർ ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് ഹാഫിസ് മഖ്ദൂം ശരീഫ്** സാഹിബിന്റെ ദുആയോടെ ആരംഭിച്ച മീറ്റിൽ നാഇബ് സദറുമാരായ റഫീഖ് ബേഗ് സാഹിബ്, സി.ശമീം അഹ്മദ് സാഹിബ് എന്നിവരും സന്നിഹിതരായിരുന്നു.





**ഫുട്ബോൾ ഫൈനലിൽ നോർത്ത് കേരളയും, സെൻട്രൽ കേരളയും ഏറ്റുമുട്ടി നോർത്ത് കേരള വിജയികളായി . ക്രിക്കറ്റിൽ പ്രധാന ചാമ്പ്യന്മാരായ ഹൈദരബാദ് , കർണ്ണാടക ടീമുകളെ അടിയറവ് പറയിച്ചു കൊണ്ട് ഗോദാവരി ഒന്നാം സ്ഥാനം കരസ്ഥമാക്കി. സൗത്ത് കർണ്ണാടക രണ്ടാം സ്ഥാനത്തെത്തി.**





ആതിഥേയരായ കർണ്ണാടക ഖാദിംകൾ മേഖലാ ഖാഇദ് മുസദ്ദിഖ് അഹ്മദ് സാഹിബിന്റെ നേതൃത്വത്തിൽ പരിപാടികൾ നിയന്ത്രിച്ചു.




## The Ahmadiyya Muslim Youth Association South London (AMYA)'s Football Tournament to Raise Money for Multiple Sclerosis Croydon

A football tournament is take placed to raise money for charity.The Ahmadiyya Muslim Youth Association South London (AMYA) is running a community football tournament to raise funds for Multiple Sclerosis Croydon.

The tournament, called the AMYA Friendship Cup, take placed at the Oasis Academy in Shirley.

Participants in the tournament so far incl ude the police, fire brigade, businesses and representatives from religious communities.



Mubarak Shams, Regional Head of the AMYA Croydon said: "Given the diverse variety of communities co-existing in Croydon, we hope this event will unite each of us under one banner of mutual friendship and love.

"The event, a first for Croydon, will be a friends and family gathering where everyone is invited to come along and enjoy the day, but, most importantly, raise much needed money for an incredibly worthy cause."

# Inauguration of a Charity Clinic in USA






Ahmadiyya Muslim Medical Association USA has established the first charity clinic in a small rural town of Alabama.

Dr. Younis M. Ismail has spearheaded the project. This clinic will provide health care to all comers regardless of their ability to pay. This project is now ready. The clinic is open to patients and by the grace of God the response of the community is excellent.

It is open from 8am to 5pm Monday to Friday. In addition to initial assessment and diagnosis, the clinic provides laboratory services such as basic and comprehensive blood tests as well as EKG. Clinic also has the ability to provide X-Ray services, Echocardiograms and many other ancillary services. City mayor and many other officials will participated in the ceremony. The clinic is located at 302 Main St. Section, AL.

## Ahmadiyya Muslim Mosque West Yorkshire (England) WELCOMES LORD LIEUTENANT DR ROSCOE




Ingrid Roscoe, the Lord Lieutenant of West Yorkshire, visited the mosque in Fitzwilliam Street.

Dr Roscoe chatted with Fatih Ul-haq, president of the Huddersfield South Ahmadiyya Muslim Association and was presented with a holy Qu'ran. She also met with university students and praised their involvement with the mosque and community.

ഈ എല്ലാ പ്രസ്ഥാനങ്ങളും യഥാർത്ഥത്തിൽ മുസ്ലിംകളുടെ വികാരത്തെ ഇളക്കിവിട്ട് തങ്ങൾക്ക് നേട്ടങ്ങൾ ഉണ്ടാക്കാനാണ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ഇതെല്ലാം ഇസ്ലാമിന്റെ പേരിലാണ് നടക്കുന്നതും. ജനാതിപത്യമാണ് ആഗ്രഹിക്കുന്നതെങ്കിൽ അനിശ്ചിതത്വം ഇല്ലായ്മ ചെയ്ത് യഥാർത്ഥത്തിൽ ജനാധിപത്യഭരണകൂടം സ്ഥാപിക്കുകയാണ് വേണ്ടത്.

**പ്രതിനിധി :** ഈ പ്രക്ഷോഭ ആഹ്വാനങ്ങളെല്ലാം യഥാർത്ഥത്തിൽ ജനാധിപത്യം സ്ഥാപിക്കാനാണോ, അതോ ഇസ്ലാമികഭരണകൂടം സ്ഥാപിക്കാനാണോ ആഗ്രഹിക്കുന്നത് ?

**ഹുസൂർ :** സൗദി അറേബ്യയിലും മറ്റു ചില രാഷ്ട്രങ്ങളിലും രാജാധിപത്യം പിന്തുടർച്ചയായി തുടർന്നു വരുന്നു. മറ്റു അധികം മുസ്ലിം രാഷ്ട്രങ്ങളിലും അർദ്ധ ജനാധിപത്യ വ്യവസ്ഥയാണുള്ളത്. പാശ്ചാത്യശക്തികൾ സമാധാനം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ജനാധിപത്യഭരണം സ്ഥാപിക്കാൻ അവരെ സഹായിക്കുകയാണ് വേണ്ടത്.

**പ്രതിനിധി :** അതെങ്ങിനെ സാധ്യമാകാനാണ് ? അത്തമൊരു സന്ദർഭത്തിൽ അവരുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുകയാണെന്ന ആരോപണമുണ്ടാകാനിടയുണ്ട്.

**ഹുസൂർ :** ഈ അടുത്ത് ഇസ്രായേൽ പ്രസിഡണ്ട് ഈ രാജ്യങ്ങളിൽ ഐക്യരാഷ്ട്രസഭയുടെ സൈന്യത്തെ നിയമിക്കണമെന്നും എന്നാൽ റഷ്യൻ സൈന്യം ഉണ്ടായിരിക്കരുതെന്നും നിർദ്ദേശം വച്ചിരുന്നു.

**വിശുദ്ധഖുർആൻ പറയുന്നത്**, ഏതെങ്കിലും രാഷ്ട്രം നീതിയിൽ അധിഷ്ഠിതമല്ലാതിരിക്കുകയും അക്രമങ്ങൾ ചെയ്തു കൊണ്ടിരിക്കുകയും ജനങ്ങളുടെ അവകാശങ്ങൾ ധ്വംസിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയാണെങ്കിൽ അവരെ അക്രമത്തിൽ നിന്നും തടയാൻ അയൽ രാജ്യങ്ങൾ എഴുന്നേൽക്കുകയും അക്രമം നിർത്തൽ ചെയ്യാനും സമാധാനം സ്ഥാപിക്കാനും നിർബന്ധിക്കേണ്ടതാണ്. നിങ്ങൾ ഈ രാഷ്ട്രങ്ങളെ സഹായിക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ അത് അയൽ രാജ്യങ്ങൾ മുഖേനയായിരിക്കണം. അയൽ രാജ്യങ്ങളാകട്ടെ അവിടെ സമാധാനവും യഥാർത്ഥ ജനാധിപത്യവും സ്ഥാപിക്കാൻ ശ്രമിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണ്.

**പ്രതിനിധി :** സിറിയയിൽ കലാപം വർദ്ധിച്ചു വരികയാണ്. ഈ സാഹചര്യത്തിൽ ഈ കലാപങ്ങൾ അവസാനിപ്പിക്കുന്നതിന് താങ്കൾക്ക് എന്ത് നിർദ്ദേശമാണ് സമർപ്പിക്കുവാനുള്ളത് ?

## INTERVIEW



**ഹുസൂർ :** സിറിയയിൽ ഭരണം അലിപക്ഷക്കാരുടേതാണ്. സർക്കാർ സുന്നികളെ നല്ല പോലെ പരിഗണിക്കുന്നില്ല. ഭരണകൂടത്തിൽ സുന്നികൾക്കും ചില പദവികൾ ഉണ്ടെങ്കിൽ തന്നെയും അവരോട് നല്ല രീതിയിലല്ല പെരുമാറുന്നതെന്ന് അവർ കരുതുന്നു. ഇപ്പോൾ ജനങ്ങൾ പറയുന്നത് ആദ്യം കലാപകാരികളുടെ ആഹ്വാനം കാരണം സുന്നികൾക്കും അലവികൾക്കും ഇടയിൽ ഭിന്നിപ്പ് ഉണ്ടാക്കി. എന്നാൽ ഇപ്പോൾ പല ഗ്രൂപ്പുകളാണുള്ളത്. അവർക്ക് പരസ്പരം പ്രയോജനങ്ങളുണ്ട്, അവരെല്ലാം ഈ ആഹ്വാനത്തിൽ ഭാഗഭാക്കാണ്.

ഇപ്പോൾ സുന്നികളെ അവകാശധ്വംസനത്തിന്റെതല്ല മറിച്ച് പാശ്ചാത്യരാജ്യങ്ങളുടെ പ്രയോജനങ്ങളുടെ പ്രശ്നമാണുള്ളത്. ഈ ജനങ്ങൾക്കിടയിൽ വിധ്വംസക വിത്തുകളുണ്ട്. കലാപകാരികൾക്കിടയിലും ഭിന്നിപ്പുണ്ട്. വ്യത്യസ്ത ആവശ്യങ്ങളാണ് ഉന്നയിക്കുന്നത്. കലാപ ആഹ്വാനം സർക്കാരിന്റെ അക്രമം കാരണമാണുണ്ടായതെങ്കിലും ഇപ്പോൾ ഇരുകൂട്ടരും വിശ്വാസവഞ്ചകരാണ്. ഇനി എന്തെങ്കിലും നീതിപൂർവ്വകമായ പ്രശ്ന പരിഹാരം സ്ഥായിയായ സമാധാനത്തിന് ആവിഷ്കരിക്കേണ്ടതാണ്.

**പ്രതിനിധി :** അയൽ രാജ്യങ്ങൾക്ക് സമാധാനം സ്ഥാപിക്കാനുള്ള എന്ത് ഉത്തരവാദിത്വമാണുള്ളത്. റഷ്യ സമാധാനശ്രമങ്ങൾ വീണ്ടും തുടങ്ങാനുള്ള പദ്ധതികൾ ഉണ്ടാക്കികൊണ്ടിരിക്കുന്നു.

**ഹുസൂർ :** ഇപ്പോൾ ലോകം ആഗോളഗ്രാമമായി മാറിക്കൊണ്ടിരിക്കുകയാണ്. ഓരോരുത്തരും മറ്റുള്ളവരുടെ അവസ്ഥയിൽ പ്രഭാവിതരായികൊണ്ടിരിക്കുന്നു. നേരത്തെ രണ്ട് വൻശക്തികൾ മാത്രമാണുണ്ടായിരുന്നത്. അതു കാരണം ഒരു സന്തുലിതാവസ്ഥ നില നിന്നിരുന്നു. ഇപ്പോൾ റഷ്യ സിറിയൻ സർക്കാരിനെ സഹായിച്ചുകൊണ്ടിരിക്കുകയാണ്. മറുഭാഗത്ത് പാശ്ചാത്യർ അവിടെയുള്ള കലാപകാരികളെയാണ് സഹായിച്ചു കൊണ്ടിരിക്കുന്നത്. റഷ്യ മറ്റു രാഷ്ട്രങ്ങളുടെ ഗുണകാംക്ഷിയായികൊണ്ട് എന്തെങ്കിലും പരിഹാരം ഉരുത്തിരിഞ്ഞ് സമാധാനം സ്ഥാപിതമാകണമെന്ന നിലപാടിലാണുള്ളത്. എന്നാൽ ഈ പ്രശ്നം പരിഹരിക്കപ്പെടാതിരിക്കുകയാണെങ്കിൽ അത് ഒരു യുദ്ധമായി പരിഗണിക്കുകയും ലോകത്തെ മുഴുവൻ അത് അതിന്റെ വരുതിയിലാക്കുകയും ചെയ്യും. ഇപ്പോൾ വൻശക്തികളും ഇതേക്കുറിച്ച് ബോധവാന്മാരായി കൊണ്ട് പരിപൂർണ്ണസമാധാനത്തിനുള്ള എന്തെങ്കിലും സ്വീകൃതമായ പരിഹാരം ഇക്കാര്യത്തിൽ ഉരുത്തിരിയണമെന്നും ആഗ്രഹിക്കുന്നു.

**പ്രതിനിധി :** പാക്കിസ്താനിൽ മറ്റു മുസ്ലിംകളുമായുള്ള നിങ്ങളുടെ വ്യത്യാസങ്ങളെ സംബന്ധിച്ച് പറഞ്ഞാലും.

**ഹുസൂർ :** ഞാൻ നേരത്തേയും ചുരുക്കി പ്രതിപാദിച്ചതാണിത്. തിരുനബി (സ) ന്റെ പ്രവചനങ്ങൾ പ്രകാരം അവസാനകാലത്ത് ഒരു വ്യക്തി നിയോഗിക്കപ്പെടുകയും അദ്ദേഹം ഇസ്ലാമിനെ പുനരുജ്ജീവിപ്പിക്കുകയും ഇസ്ലാമിന്റെ സത്യസന്ധവും യഥാർത്ഥവുമായ അധ്യാപനങ്ങളെ സമർപ്പിക്കുകയും ചെയ്യുന്നതാണ്. **ഞങ്ങളുടെ വിശ്വാസപ്രകാരം ഹദ്റത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) ഖാദിയാനിൽ (ഇന്ത്യ) ഈ പ്രവചനപ്രകാരം ആഗതരാകുകയും മസീഹും മഹ്ദിയുമാണെന്ന് വാദിക്കുകയും ചെയ്തു. തിരുനബി (സ) ഈ വരുന്ന ആൾക്ക് നബി എന്നും പേര് വച്ചിട്ടുണ്ട്. ഞങ്ങളുടെ വിശ്വാസപ്രകാരം അദ്ദേഹം നബിയാണ്. എന്തെങ്കിലും പുതിയ ശരീഅത്ത് കൊണ്ടുവന്ന നബിയല്ല. മറിച്ച് തിരുനബി (സ) കൊണ്ടുവന്ന ശരീഅത്തിന് അനുസൃതമായും അതേ ശരീഅത്തിനെ പിൻപറ്റി കൊണ്ടുമാണ് വന്നത്.**

മറ്റു മുസ്ലിംകൾ ( അനഹ്മദികൾ) നബി (സ) നു ശേഷം ഒരു നബിയും വരുന്നതല്ലെന്നും നബി(സ) ഖാത്തമുന്നബിയ്യീനാണെന്നും പറയുന്നു. അവരുടെ ഖാത്തമുന്നബിയ്യീൻ വിശദീകരണപ്രകാരം ഒരു നബിയും വരാവതല്ല. എന്നാൽ ഞങ്ങൾ പറയുന്നത് ശരീഅത്തില്ലാത്ത നബിക്ക് വരാമെന്നാണ്. ഞങ്ങളുടെ എതിരാളികൾ ഈ വിഷയത്തെ പൊക്കിപ്പിടിച്ച് നിയമങ്ങൾ ഉണ്ടാക്കിയിരിക്കുന്നു, അതിന്റെ അടിസ്ഥാനത്തിൽ നിയമത്തിന്റേയും ഭരണഘടനയുടേയും വീക്ഷണത്തിൽ ഞങ്ങൾ മുസ്ലിംകളല്ലത്രേ.

ജനറൽ സിയാ ഉൽ ഹഖും ശക്തമായ നിയമങ്ങൾ ഉണ്ടാക്കി അത് നടപ്പാക്കാൻ ശ്രമിക്കുകയുണ്ടായി. ഈ എതിർപ്പ് ലക്ഷക്കണക്കിന് അഹ്മദികൾ താമസിക്കുന്ന പാക്കിസ്താനിൽ മാത്രമല്ല മറ്റു ചില മുസ്ലിം രാഷ്ട്രങ്ങളിലുമുണ്ട്.

→ പേജ് 21 ൽ









# അഹ്മദിയ്യ ഖലീഫക്ക് യു.കെ പാർലമെന്റിൽ ഉജ്വല സ്വീകരണം

**യു.കെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ 100-ാം വാർഷികാഘോഷത്തിൽ അഹ്മദിയ്യ ഖലീഫക്ക് യു.കെ ഹൗസ് ഓഫ് പാർലിമെന്റിൽ ചരിത്രപരമായ വരവേൽപ്പ്.**

അഹ്മദിയ്യാ പ്രസ്ഥാനം നിരന്തരമായി ലോകത്തിലെ ലക്ഷോപലക്ഷം ആളുകളെ ഉണർത്തികൊണ്ടിരിക്കുന്ന സുപ്രധാനമായ മൂല്യങ്ങളും ധർമ്മനീതിയും തീർച്ചയായും സമാധാനത്തിന്റേയും സ്നേഹത്തിന്റേയും അനുരജ്ജനത്തിന്റേയുമാണ്. എല്ലാ സമൂഹത്തിലും പ്രായത്തിലും പെട്ട ആളുകളിൽ എക്കാലത്തും നിലനിൽക്കുന്നതും ശക്തമായതും ഈ സന്ദേശം തന്നെയാണ്.

നിങ്ങളുടെ പ്രസ്ഥാനത്തിന്റെ കഴിഞ്ഞ 100 വർഷങ്ങളിലേറെയായിട്ടുള്ള സാന്നിദ്ധ്യം ആഘോഷിക്കുന്നതിനായി എതൊരു രാഷ്ട്രീയ മത പശ്ചാത്തലത്തിൽ നിന്നും ഞങ്ങൾ നിങ്ങളോട് കൂടിച്ചേരുക മാത്രമല്ല, നിങ്ങൾ കഴിഞ്ഞ കുറേക്കാലമായി നിശബ്ദമായും നിരന്തരമായും അന്തസ്സോടേയും പ്രചരിപ്പിക്കുകയും ഉണർത്തികൊണ്ടിരിക്കുകയും ചെയ്യുന്ന സമാധാനത്തിന്റേയും സ്നേഹത്തിന്റേയും അനുരജ്ജനത്തിന്റേയും സന്ദേശം ആഘോഷിക്കുകയും ചെയ്യുന്നു.

*(ഡപ്യൂട്ടി പ്രധാനമന്ത്രി)*

*“അഹ്മദിയ്യ പ്രസ്ഥാനത്തിലെ ആളുകൾ രാജ്യത്തോട് കൂറ് പുലർത്തുന്നതിന്റെ ആവശ്യകത നിറവേറ്റുകയും എപ്പോഴും എല്ലാ തരത്തിലുമുള്ള ലഹളയുടേയും, വിപ്ലവത്തിന്റേയും അക്രമത്തിന്റേയും ഗതി നിയന്ത്രിക്കുകയും ചെയ്യുന്നു എന്ന വസ്തുതയിലേക്ക് തെളിവും സാക്ഷിയുമാണ് ഈ കഴിഞ്ഞ 100 വർഷങ്ങൾ. വാസ്തവത്തിൽ ഈ കൂറിന്റേയും സ്നേഹത്തിന്റേയുമൊക്കെ പ്രധാന കാരണം അഹ്മദിയ്യ ജമാഅത്ത് ഒരു യഥാർത്ഥ ഇസ്‌ലാമിക സംഘടനയാണ് എന്ന വസ്തുത തന്നെയാണ്”*

*“മറ്റൊരു ലോകമഹായുദ്ധം സമീപസ്ഥമാണ് എന്നതാണ് ചില രാജ്യങ്ങളുടെ ചെയ്തികൾ മൂലമുള്ള ലക്ഷണങ്ങളിൽ നിന്നും മനസ്സിലാവുന്നത്. ഇനിയൊരു ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ അതിന്റെ വ്യാപകവും നശീകരണവുമായ പ്രത്യാഘാതത്തിൽ പാശ്ചാത്യലോകം വളരെയധികം ബുദ്ധിമുട്ടും. അത്തരം നാശത്തിൽ നിന്നും നമുക്ക് നമ്മെ രക്ഷിക്കാം. നമ്മുടെ ഭാവിതലമുറയെ ഈ നശീകരണവും കഷ്ടപ്പാടുള്ളതുമായ യുദ്ധക്കെടുതികളിൽ നിന്നും രക്ഷിക്കാം.*

*ആണവയുദ്ധം പൊട്ടിപ്പുറപ്പെടുന്നതിന്റെ യഥാർത്ഥ സാധ്യതയുണ്ട്. അത്തരം ഭീതിജനകമായ ഒരു പരിണാമം തടയുന്നതിന് നാം നീതിയും, പവിത്രതയും, സത്യസന്ധതയും സ്വീകരിക്കുകയും ആരാണോ സമാധാനം നശിപ്പിച്ച് കൊണ്ട് ലോകത്ത് വിദ്വേഷം പരത്തുന്നത് അത്തരം സംഘങ്ങളെ ഒന്നിച്ച് ചേർന്ന് അടിച്ചമർത്തുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടതാണ്”*

*(ഹദ്റത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് V)*






The Khalifa continued by stating that throughout its 100 year existence in the United Kingdom the Ahmadiyya Muslim Jamaat had always promoted peace and rejected all forms of extremism.



Meeting with Deputy Prime Minister Nick Clegg





Meeting with Deputy Prime Minister Nick Clegg and Energy & Climate Change Secretary Ed Davey.




Deputy Prime Minister Nick Clegg


ആരോഗ്യം






# OSTEOPOROSIS
## (അസ്ഥിക്ഷയം)

Dr.അബ്ദു ലതീഫ് സമീഅ്, പാക്കിസ്ഥാൻ





## അസ്ഥികളുടെ സൃഷ്ടിപ്പ്

അസ്ഥി ജീവനുള്ള ഒരു മനുഷ്യ ശരീരഭാഗമാകുന്നു. അസ്ഥികൾ മനുഷ്യജനനത്തിന് മുൻപു തന്നെ രൂപപ്പെടാൻ തുടങ്ങുകയും ജനനത്തിന് ശേഷം 30 വർഷത്തോളം വളർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ അടിസ്ഥാന രൂപം ചെറിയ മൃദുല അസ്ഥികളാലാണ് നിർമിക്കപ്പെട്ടിരിക്കുന്നത്. അസ്ഥി രൂപപ്പെടുന്നതിനനുസരിച്ച് മനുഷ്യരൂപത്തിലും നിരന്തരമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ജീവിതകാലം മുഴുവനും അത് തുടർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. കുട്ടിക്കാലത്തും പ്രായപൂർത്തിയാകുന്ന കാലത്തുമാണ് ഇത് ധൃതഗതിയിൽ സംഭവിക്കുക.

- **മനുഷ്യ ശരീരത്തിൽ കുറഞ്ഞത് 206 അസ്ഥികൾ കാണപ്പെടുന്നു. ഇത് സദാ തേഞ്ഞും രൂപപ്പെട്ടും കൊണ്ടിരിക്കുന്നു.**
- **ഓരോ വർഷവും ഏകദേശം 30% മനുഷ്യരൂപം പുതുക്കപ്പെടുന്നു.**




## അസ്ഥിഘടന

**വ്യത്യസ്തങ്ങളായ മൂന്ന് കോശങ്ങളാലാണ് അസ്ഥികൾ നിർമിക്കപ്പെട്ടിരിക്കുന്നത്.**


### Osteosite, Osteoblast, Osteoclast
എന്നിവ അതിൽ ഉൾപ്പെടുന്നു.

Osteoblast കോശങ്ങൾക്ക് അസ്ഥിയെ രൂപപ്പെടുത്തുന്നതിനും, Osteoclast കോശങ്ങൾക്ക് അസ്ഥിയെ സ്വാംശീകരിക്കുന്നതിമുള്ള കഴിവുണ്ട്. അസ്ഥികളുടെ ദൃഢതയെ നിരന്തരമായി നിലനിർത്തി കൊണ്ടു പോകുന്നതിനായി ഈ രണ്ട് കോശങ്ങളും ഒരു പ്രത്യേക അനുപാദത്തിൽ എപ്പോഴും പ്രവർത്തിച്ചു കൊണ്ടിരിക്കേണ്ടത് അനിവാര്യമാകുന്നു. അഥവാ Osteoclast കോശങ്ങളുടെ പ്രവർത്തനം Osteoblast കോശങ്ങളുടെ പ്രവർത്തനത്തേക്കാൾ അധികരിക്കുമ്പോൾ അസ്ഥികൾ ദുർബലമാകുന്നു.

പൊതുവിജ്ഞാനം

# മനുഷ്യ മസ്തിഷ്കം






**അ**ൽഭുതങ്ങളുടെ കലവറയാണ് മനുഷ്യ മസ്തിഷ്കം. 42 ഔൺസുള്ള ഭാരമുള്ള ഒരു മാംസതുണ്ടമാണ് മസ്തിഷ്കം. അതിൽ അല്പം പോലും രക്തമില്ല. വൈദ്യുത തരംഗങ്ങൾ കൊണ്ടാണ് അത് പ്രവർത്തിക്കുന്നത്. അതിന്റെ പ്രവർത്തനത്തിനായി 20 വാട്ട് വൈദ്യുതിയാണ് ആവശ്യം.

കുട്ടിക്കാലം മുതൽ പ്രായപൂർത്തിയാകുന്നത് വരെ മസ്തിഷ്കത്തിന്റെ വലുപ്പം വർദ്ധിച്ചു കൊണ്ടിരിക്കുകയും തുടർന്ന് 65 വയസ്സുവരെ വലുപ്പം കുറഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്നു. കോടിക്കണക്കിന് കോശങ്ങൾ കൊണ്ടാണ് അത് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. നിത്യവും 30,000 മുതൽ 50,000 വരെ കോശങ്ങൾ നശിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. മനുഷ്യമസ്തിഷ്കം ശുചീകരണ പ്രവർത്തനങ്ങൾ സ്വയം തന്നെ നിർവഹിക്കുന്നു. രോഗത്താലോ, ക്ഷതത്താലോ, വാർദ്ധക്യത്താലോ മരിക്കുന്ന കോശങ്ങളെ ജീവനുള്ള കോശങ്ങളിൽ ലയിപ്പിക്കുന്നു. അങ്ങിനെ എപ്പോഴും ശുചിത്വം നടത്തിക്കൊണ്ടിരിക്കുന്ന കാരണത്താലാണ് അതിന് ഉന്നതമായ നിലയിൽ പ്രശോഭിക്കാൻ സാധിക്കുന്നത്.

## ബുദ്ധിശക്തി


നമ്മുടെ ബുദ്ധിയിൽ 100 ബില്യൺ ബിറ്റ് അറിവുകളുടെ സമാഹാരം ശേഖരിച്ചു വെക്കാൻ സാധിക്കുന്നതാണ്. അതായത് ബ്രിട്ടീഷ് എൻസൈക്ലോപീഢിയയുടെ മുഴുവൻ വാള്യങ്ങളിലെയും അക്ഷരങ്ങളെക്കാൾ 500 മടങ്ങ് അധികം അറിവുകൾ. നമ്മുടെ ബുദ്ധിശക്തി 100 ബില്യൺ ന്യൂറോണിന്റെയും 110 ട്രില്യൺ കണക്ഷനുകളുടെയും സമാഹാരമാണ്.

- **5 മുതൽ 7 വരെയുള്ള അക്ഷരങ്ങളുടെ സംഖ്യകൾ മനുഷ്യന് എളുപ്പത്തിൽ ഓർമ വെക്കാൻ സാധിക്കുന്നതാണ്.**

- Short term memory **മദ്ധ്യാഹ്നത്തേക്കാൾ പ്രഭാതത്തിൽ 15% അധികമായിരിക്കും.**
  Long term memory **മദ്ധ്യാഹ്ന സമയത്തുമായിരിക്കും കൂടുതൽ.**

- Photographic memmory വളരെ അപൂർവമായി മാത്രമെ കാണപ്പെടുകയുള്ളു. ചെറിയ കുട്ടികളിലാണ് ഇത് പൊതുവിൽ കാണപ്പെടുക. എന്നാൽ വളർച്ച പ്രാപിക്കുന്തോറും അത് നഷ്ടപ്പെട്ട് കൊണ്ടിരിക്കും. മസ്തിഷ്കത്തിന്റെ വലിപ്പത്തിനും ബുദ്ധിശക്തിക്കും തമ്മിൽ പ്രത്യേകിച്ച് യാതൊരു ബന്ധവുമില്ല.

*(അൽ ഫള്ൽ ഇന്റർനാഷണൽ)*






Chairman Management & Editorial Board : C. Zameem

Printer & Publisher : T.K.Mushtaq Ahmad
Manager : B.M.Shoukath Ali
Layout : Quraish

Chief Editor : H.Shamsuddin
Editor : T.K.Mubashir Ahmad
Members : T.M.Abdul Mujeeb, K.Najmuddin

Not for Sale, Circulation among members only

Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut